# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാവക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ടി.എസ്.ആർ (എം.2)-600/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/05/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാവക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ - ടി.എസ്.ആർ (എം.2)- 600/2023 തീയ്യതി: 04/05/2023

## തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുധാദാസ് | ജോയിന്റ് ഡയറക്ടർ | 01-03-2023 | 13-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2023 | 13-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ പി. എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീ. സദാനന്ദൻ പി. ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈനി കൃഷ്ണദാസ് ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സ്റ്റാൻലി പി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോയ്സൻ സി. ജെ, ഓഡിറ്റർ
ശ്രീ.സ്വാലിഹ്.സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷീജ പ്രശാന്ത് | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| കെ ബി വിശ്വനാഥൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷീജ വി | കൃഷി ഓഫീസർ | 01-04-2021 | 10-08-2021 |
| അനി റോസ് ഇ പി | കൃഷി ഓഫീസർ | 11-08-2021 | 31-03-2022 |
| റിഷ്മ പി പി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ജെസ്സി ടി ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജ.പി കെ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ. ശ്രീവിദ്യ എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ . രഞ്ജി ജോൺ | വെറ്ററിനറി സർജൻ | 01-04-2021 | 18-07-2021 |
| ഡോ. ജി. ഷർമ്മിള | വെറ്ററിനറി സർജൻ | 19-07-2021 | 31-03-2022 |
| മീര പി എ | എച്ച് എം( ഇൻ ചാർജ്ജ്), എൽ പി , യു പി | 01-04-2021 | 11-10-2021 |
| വിജി സി ഡി | എച്ച് എം , എൽ പി , യു പി | 12-10-2021 | 31-03-2022 |
| നവ്യ രാമചന്ദ്രൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശാന്ത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 02-08-2021 |
| രാജതി കൃഷ്ണൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 03-08-2021 | 31-03-2022 |
| വാസുദേവൻ സി എം | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 21-02-2022 |
| ബിജു അയ്യപ്പൻ | പട്ടികജാതി വികസന ഓഫീസർ | 22-02-2022 | 31-03-2022 |
| ജിബിന എ എം | ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| സക്കീർ ഹുസൈൻ വി പി | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |
| ലളിത സി എൻ | പ്രൊജക്ട് ഓഫീസർ, യു പി എ സി | 01-04-2021 | 31-03-2022 |
| അജിത ജി എസ് | എച്ച് എം , ഹൈസ്കൂൾ, ഹയർ സെക്കണ്ടറി | 01-04-2021 | 30-06-2021 |
| നാരായണൻ എം | എച്ച് എം , ഹൈസ്കൂൾ, ഹയർ സെക്കണ്ടറി | 01-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് അപാകതകൾ | 1-10 |
| 11 | വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല | 1-10-1 |
| 12 | വസ്തുനികുതി-കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-2 |
| 13 | ലൈബ്രറി സെസ്സ്-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | പ്രതിമാസപത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു | 1-10-4 |
| 15 | ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കുന്നില്ല | 1-10-5 |
| 16 | വരവ് രജിസ്റ്ററുകൾ-വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | മുൻകൂർ തുക ലഭിച്ചത്-രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-10-7 |
| 18 | Prior Period-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-8 |
| 19 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-10-9 |
| 20 | ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ | 1-10-10 |
| 21 | ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല | 1-10-11 |
| 22 | തൊഴിലുറപ്പ് പദ്ധതി-രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-12 |
| 23 | രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-10-13 |
| 24 | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-14 |
| 25 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-10-15 |

| | | |
|---|---|---|
| 26 | രസീത് പരിപാലനത്തിലെ അപാകങ്ങൾ | 1-11 |
| 27 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി | 1-12 |
| 28 | അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല | 1-13 |
| 29 | അനധികൃത കെട്ടിടം പൊളിച്ചു നീക്കേണ്ടതാണ് | 1-14 |
| 30 | അനധികൃത നിർമ്മാണം നടത്തിയ കെട്ടിടം ക്രമവത്ക്കരിച്ച് നൽകി | 1-15 |
| 31 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-16 |
| 32 | അനധികൃത കെട്ടിടങ്ങൾ സഞ്ചയ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-17 |
| 33 | റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല. | 1-18 |
| 34 | അനധികൃത കെട്ടിടങ്ങൾ - വസ്തുനികുതിയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. | 1-19 |
| 35 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 36 | വരവിനങ്ങളിൽ വൻതുകകൾ കുടിശ്ശിക – പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. | 1-21 |
| 37 | പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുക അടവാക്കിയില്ല. | 1-22 |
| 38 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-23 |
| 39 | റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ , കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. | 1-24 |
| 40 | നഗരസഭയുടെ അധീനതയിലുള്ള കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു. | 1-25 |
| 41 | മരം ലേലം - ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-26 |
| 42 | നഗരസഭ തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 43 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- അപാകതകൾ - ചെലവ് തുക 2246594 രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 44 | മത്തിക്കായലിൽ പുഞ്ച കൃഷി - അപാകതകൾ | 1-29 |
| 45 | ഹാജർ പുസ്തകത്തിൽ ആബ്സന്റ് എന്ന് രേഖപ്പെടുത്തിയ ദിവസങ്ങളിൽ മുഴുവൻ ശമ്പളം നൽകി | 1-30 |
| 46 | കുടിവെള്ള കണക്ഷൻ നൽകൽ - അപാകതകൾ - 265000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 47 | പട്ടികജാതിക്കാർക്ക് സൗജന്യ കുടിവെള്ള കണക്ഷൻ - അപാകതകൾ - ചെലവ് തുക 48213 രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 48 | കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ - അപാകതകൾ - ചെലവ് തുക 209897 രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 49 | നഗരസഭയുടെ വസ്തുവഹകൾ നാഷണൽ ഹൈവേ അതോറിറ്റി | 1-34 |

| | | |
|---|---|---|
| | ഏറ്റെടുക്കുന്നത്-വിശദീകരണം ലഭ്യമാക്കേണ്ടതാണ് | |
| 50 | മരാമത്ത് പദ്ധതി പ്രവർത്തനം | 1-35 |
| 51 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-36 |
| 52 | മരാമത്ത് പ്രവൃത്തികൾ അപാകതകൾ | 1-37 |
| 53 | തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിൻ കമ്പോസ്റ്റിങ് യൂണിറ്റ് വിഭാവനം ചെയ്തത് ഏഴിടങ്ങളിൽ, നടപ്പിലാക്കിയത് ഒരിടത്തുമാത്രം ,ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-38 |
| 54 | ശുചീകരണത്തിനുപയോഗിക്കുന്ന ട്രാക്ടർ യഥാസമം അറ്റകുറ്റപ്പണി നടത്തി ഫിറ്റനെസ്സിന് ഹാജരാക്കുവാൻ കഴിഞ്ഞില്ല | 1-39 |
| 55 | ഷീ സ്റ്റേ ഷോപ്പിങ് കോംപ്ളക്സ് കെട്ടിടം പൂർണമായും വാടകയ്ക്ക് നൽകാൻ നടപടികളെടുക്കേണ്ടതാണ് | 1-40 |
| 56 | മിഠായിത്തെരുവ് മോഡൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-പ്രവൃത്തി നിർവഹിച്ച സിൽക്കിന് അക്രഡിറ്റേഷൻ സ്റ്റീൽ സ്ട്രക്ചർ സ്ഥാപിക്കുന്നതിന് മാത്രം | 1-41 |
| 57 | അയ്യൻകാളി തൊഴിലുറപ്പുപദ്ധതിപ്രവർത്തനം | 1-42 |
| 58 | UIDSSMT-കേരള വാട്ടർ അതോറിറ്റി കൂടുതൽ തുക ആവശ്യപ്പെട്ടു | 1-43 |
| 59 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - സപ്ലൈയറിൽ നിന്നും ജി എസ് ടി ഈടാക്കി അടവാക്കിയിട്ടില്ല. | 1-44 |
| 60 | മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-45 |
| 61 | ആരോഗ്യ ജാഗ്രത- കൊതുകുനശീകരണ പദ്ധതി - അധിക തുക അനുവദിച്ചു | 1-46 |
| 62 | അനിമൽ ബർത്ത് കൺട്രോൾ പദ്ധതി - ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ് | 1-47 |
| 63 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - പണം കൈമാറിയിട്ടും നാളിതുവരെ മരുന്ന് ലഭിച്ചില്ല. | 1-48 |
| 64 | കൃഷി ഫീൽഡ് ഓഫീസർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മത്തിക്കായലിൽ പുഞ്ച കൃഷി - അപാകതകൾ | 3-1 |
| 2 | ആരോഗ്യ ജാഗ്രത- കൊതുകുനശീകരണ പദ്ധതി - അധിക തുക അനുവദിച്ചു | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.02.2021 | 1/1 | 92,13,55,388 | 91,58,94,496 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 30.3.2022 | 1/1 | 46,45,00,527 | 47,90,94,067 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,71,37,555 |
| വരവ് | 23,89,13,889 |
| ആകെ | 28,60,51,444 |
| ചെലവ് | 22,06,74,562 |
| നീക്കിയിരിപ്പ് | 6,53,76,882 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,37,25,267 | 3,37,25,267 | 3,37,25,028 | 239 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 43,46,965 | 43,46,965 | 42,66,667 | 80,298 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2,03,30,050 | 2,03,30,050 | 1,53,66,679 | 49,63,371 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 1,64,61,785 | 1,64,61,785 | 1,26,87,709 | 37,74,076 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 2,33,35,046 | 2,33,35,046 | 2,32,07,648 | 1,27,398 |
| സി.എഫ്.സി | 0 | 3,47,39,453 | 3,47,39,453 | 1,80,23,042 | 1,67,16,411 |

| ടൈഡ് | | | | | |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 288 | 26,85,22,956 | 217 | 11,78,74,198 | 43.89 % | 75.35 % |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ + ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 22,36,001 | 63,283 + 80,00,000 | 1,02,99,284 | 81,47,473 | 21,51,811 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,91,200 | 390 |
| വിധവാപെൻഷൻ | 2,78,31,400 | 17745 |
| വാർദ്ധക്യകാലപെൻഷൻ | 5,39,05,800 | 35447 |
| വികലാംഗപെൻഷൻ | 62,55,500 | 3960 |
| അവിവാഹിത പെൻഷൻ | 23,43,600 | 1486 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.03.2023 തീയതിയിൽ 3 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,33,951/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് അപാകതകൾ

2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 31/ 9.3.2023 ന മറുപടി ലഭ്യമാക്കിയില്ല).

### 1-10-1 വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള

ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ലഭ്യമാക്കിയില്ല. വസ്തു നികുതിയുടെ ഒരു ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത രജിസ്റ്റർ തയ്യാറാക്കാൻ അവലംബിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. കൂടാതെ പ്രസ്തുത രജിസ്റ്ററും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നുമില്ല.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 2,16,02,706 | 1,47,41,822 | 68,60,884 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,23,33,741 | 1,49,39,133 | 73,74,347 |

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 1,37,63,623 | 51,10,687 | 86,52,936 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1,37,70,301 | 52,03,190 | 85,67,112 |

2. 31.03.2022 തീയതിയിലെ വസ്തുനികുതിയുടെ സഞ്ചയയിലെ DCB പത്രിക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക) എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities”എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായി 40688/- രൂപ ചേർത്തിട്ടുണ്ട്. എന്നാൽ "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളുടെ വിവരങ്ങൾ ലഭ്യമല്ല.

1-10-2 വസ്തുനികുതി-കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

01.04.2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ചാവക്കാട് നഗരസഭയിൽ 384 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110010100-Property Tax (General) ” എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽരേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-3 ലൈബ്രറി സെസ്സ്-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1,67,38,531/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100-State Govt Levies In Property Tax"എന്ന ശീർഷകത്തിൽ വരേണ്ട തുക 7,97,072.95/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 7,96,834.69 /- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 10,07,117/- രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് തുകയല്ല, മറിച്ച് 10,08,301/- രൂപയാണ് (വൗച്ചർ 431100100 തീ. 31.3.2022 (746956+260159+1007+179=1008301)).

### 1-10-4 പ്രതിമാസപത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2021-22-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Shopping Complex | 67,32,207 | 1.4.2021 | 42100688 |
| 2. | Rent From Lease Of Lands | 130400100-Rent From Lease Of Lands | 3,645 | 1.4.2021 | 42100747 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-5 ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള

നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 54 (3) (എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിലെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ

6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

9. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

10. ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

## 1-10-6 വരവ് രജിസ്റ്ററുകൾ-വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| 140501000 - Market Fees | 37,540 | 16,640 | 37,540 |
| 140501100 – Bus Stand Fees | 64,400 | 3,22,000 | 64,400 |
| 140500900 – Public Sanitation Charges | 2,78,660 | 1,03,660 | 2,78,660 |
| 140501300-Lorry, Taxi, Auto And Other Vehicle Stand Fees | 1,90,000 | 60,000 | 1,90,000 |

## 1-10-7 മുൻകൂർ തുക ലഭിച്ചത്-രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ |
|---|---|---|---|
| 1 | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees | 11,25,400 |

| | | | |
|---|---|---|---|
| | തൊഴിൽ നികുതി | 350410401-Advance Collection Of Revenues-Rent From Civic Aminities | 10,000 |

## 1-10-8 Prior Period-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280209900-Prior Period Income-Other Income | (1,84,000) |

## 1-10-9 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-10 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

1. 2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 3,18,83,219/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല എന്ന് മാത്രമല്ല പ്രസ്തുത ശീർഷകത്തിന്റെ ഷെഡ്യൂൾ വാർഷിക കണക്കിൽ ലഭ്യവുമല്ല.

2. 31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക്. 87,64,627രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation (15,16,42,93,433) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-10-11 ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-10-12 തൊഴിലുറപ്പ് പദ്ധതി-രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ക്യാഷ്ബുക്ക് പ്രകാരം 81,47,473/- രൂപയും വാർഷിക കണക്ക് പ്രകാരം 82,30,073/- രൂപയുമാണ് ഉള്ളത്.

### 1-10-13 രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ RP-27, B-7 എന്നീ ഹെഡ്ഡുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. RP-3 RP-4 (140500900,140501000,140501100,140501300 എന്നീ ഇനങ്ങൾ) RP-5 എന്നിവ പ്രകാരമുള്ള വരവുകളുടെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. താഴെ പറയുന്ന RP-6 പ്രകാരമുള്ള ഗ്രാന്റുകളുടെ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം |
|---|---|
| 1 | 160101100 - Special Grants |
| 2 | 160101200 – Library Grants |
| 3 | 160300206- Re-imbursement Of Expenses |

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2022 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2022-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
5. RP 24 പ്രകാരമുള്ള ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-10-14 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| 460100700-Miscellaneous Advance | Refund | 8,51,258 | Refund | 17,259 |
| 460100400-Festival Advance To Employees | Refund | 33,000 | Refund | - |
| | Payment | 3,30,000 | Payment | 3,000 |

### 1-10-15 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രൊജക്റ്റുകളിൽ 31/3/2022 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 65,85,931/- രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 57,59,057/- രൂപയാണ്. പാർട്ട് ബിൽ നൽകിയതായി എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പല പ്രൊജക്റ്റുകളും ലെഡ്ജറിൽ ഉൾപെടുത്തിയിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

A) പ്രൊജക്റ്റ് നമ്പർ 188/2022

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 1,46,853

B) പ്രൊജക്റ്റ് നമ്പർ 292/2022

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 2,40,243

C) പ്രൊജക്ട് നമ്പർ 189/2022

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 9,74,400

## 1-11 രസീത് പരിപാലനത്തിലെ അപാകങ്ങൾ

നഗരസഭയിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. രസീത് ബുക്ക് നമ്പർ 66 ലെ രസീത് നമ്പർ 6544 മുഖേന ശ്രീ ഗോപിനാഥൻ, കളത്തിൽ വീട് എന്നിവരിൽ നിന്നും 22.6.2022 തീയതിയിൽ 288/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നഗരസഭയിൽ അടവാക്കിയിട്ടില്ല.

2. താഴെ കൊടുത്തിരിക്കുന്ന രസീതുകൾ മുഖേന പിരിച്ചെടുത്ത തുകയേക്കാൾ കൂടുതൽ തുക നഗരസഭയിൽ അടവാക്കിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ/ തീയതി | രസീത് പ്രകാരം പിരിച്ച തുക | കളക്ഷൻ രജിസ്റ്റർ പ്രകാരം നഗരസഭയിൽ അടവാക്കിയ തുക |
|---|---|---|---|---|
| 1 | 61 | 6015/12.5.2022 | 100 | 200 |
| 2 | 61 | 6094/5.6.2022 | 150 | 250 |
| 3 | 215 | 21441/13.4.2021 | 100 | 200 |
| 4 | 215 | 21487/8.5.2021 | 100 | 200 |

3. താഴെ കൊടുത്തിരിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല (കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്)ചട്ടങ്ങൾ 2007 ചട്ടം 11).

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|---|
| 1 | 5 | 401 മുതൽ 407 വരെ |
| 2 | 5 | 409 മുതൽ 411 വരെ |
| 3 | 6 | 501 |
| 4 | 6 | 507 |

4. രസീത് ബുക്ക് നമ്പർ 21 ലെ 2024, 2026/19.3.2022 എന്നീ രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നൽകിയിട്ടില്ല (കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ)) )

5. കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്)ചട്ടങ്ങൾ 2007 ചട്ടം 74 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൌണ്ടർ ഫോയിൽ നഗരസഭയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. കൂടാതെ കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 ൽ സാധാരണയായി ഒരു സമയത്തു ഒരു രസീത് ബുക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന നിർവഹണോദ്യോഗസ്ഥർക്ക് ഒരേ സമയം ഒന്നിലധികം രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | നിർവഹണോദ്യോഗസ്ഥൻ | രസീത് ബുക്ക് നൽകിയതിന്റെ വിവരങ്ങൾ | | നിലവിലെ സ്ഥിതി |
|---|---|---|---|---|
| | | രസീത് ബുക്ക് നമ്പർ | നൽകിയ തീയതി | |
| 1 | വെറ്റിനറി സർജൻ | 118,119 | 13.12.2022 | രസീത് ബുക്ക് നമ്പർ 118 ലെ രസീത് നമ്പർ |

| | | | | |
|---|---|---|---|---|
| | | | | 11740 വരെ ഉപയോഗിക്കുകയും രസീത് ബുക്ക് നമ്പർ 119 ഉപയോഗിക്കാതെ കൈവശം വെച്ചിരിക്കുന്നു. |
| 2 | കൃഷി ഓഫീസർ | 108 മുതൽ 117 വരെ | 13.12.2022 | രസീത് ബുക്ക് നമ്പർ 108, 110 എന്നിവ പൂർണമായും ഉപയോഗിക്കുകയും ; രസീത് ബുക്ക് നമ്പർ 109 ലെ രസീത് നമ്പർ 10825 വരെയും രസീത് ബുക്ക് നമ്പർ 111 ലെ രസീത് നമ്പർ 11028 വരെ ഉപയോഗിക്കുകയും ; രസീത് ബുക്ക് നമ്പർ 112 മുതൽ 117 വരെ ഉപയോഗിക്കാതെ കൈവശം വെച്ചിരിക്കുകയും ചെയ്തിരിക്കുന്നു. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (34/9.3.2023, 41/10.3.2023) നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ൽ പരാമർശിച്ച തുക പലിശ സഹിതം നഗരസഭയിൽ അടവാക്കിയതായി ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്. രസീത് മുഖേന പിരിച്ചെടുക്കുന്ന തുക യഥാസമയം നഗരസഭയിൽ അടവാക്കാതെയിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ സംഭവിക്കാതിരിക്കാൻ തുക പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥനും ആയതിന്റെ കൃത്യത പരിശോധിക്കുന്ന ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നമ്പർ 2 ഇത് പരാമർശിച്ചിട്ടുള്ള അപാകം സാമ്പത്തിക ക്രമക്കേടിന്റെ ഫലമായി സംഭവിച്ചതായിരിക്കാൻ സാധ്യതയുണ്ട്. യഥാർത്ഥത്തിൽ പിരിച്ചെടുക്കുന്ന തുകക്കുള്ള രസീത് തന്നെയാണ് പാർട്ടിക്ക് നൽകുന്നതെന്നും അതേ തുക തന്നെയാണ് നഗരസഭയിൽ അടവാക്കുന്നതെന്നും ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ രസീത് പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിനോടൊപ്പമുള്ള ലിസ്റ്റിൽ ചാവക്കാട് നഗരസഭയിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | അനർഹമായി കൈപ്പറ്റിയ തുക | നാളിതു വരെ തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Suseela | 102000200328 | 55,700 | 18,002 | 37,698 |
| 2 | THANKAMANI | 102000200697 | 52,700 | 1,000 | 51,700 |
| 3 | SREEMATHI | 102000201574 | 42,500 | 0 | 42,500 |
| 4 | KOMALAVALLY P. R. | 102000201586 | 42,100 | 3,000 | 39,100 |
| 5 | VILOCHANA | 102000201649 | 55,500 | 10,000 | 45,500 |
| 6 | MANI | 102000201941 | 55,300 | 7,000 | 48,300 |
| 7 | Muhammed Nishad | 102000300006 | 42,100 | 0 | 42,100 |
| 8 | Prema K K | 102000203379 | 50,200 | 40,600 | 9,600 |
| 9 | RAMANI | 102000400306 | 42,100 | 3,500 | 38,600 |

സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 42/10.3.23) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 3 ലെ വ്യക്തിക്ക് നിരവധി അറിയിപ്പുകൾ നൽകിയിട്ടും തുക തിരികെ അടവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകുന്നതാണെന്നും ബാക്കിയുള്ളതിൽ ക്രമ നമ്പർ 7 ഒഴികെയുള്ളവർ ഗഡുക്കളായി തുക അടവാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-13 അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല

1. ക്രമവത്ക്കരണ അപേക്ഷ നം.ബി.എ 233/2017-18 തി.20.2.19 പ്രകാരം പ്രസിഡന്റ്, മണത്തല ജുമാത്ത് കമ്മിറ്റിയുടെ 1602.71 ചതുരശ്ര മീറ്റർ വിസ്തൃതി വരുന്ന ഓഡിറ്റോറിയം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം 4530.38 ച.മീറ്ററാണ്. ആയതിൽ 2927.67 ച.മീറ്റർ വിസ്തൃതിയ്ക്ക് കെട്ടിടനമ്പറുകൾ (9/90 C,J) ഉള്ളതാണ്. ബാക്കി വരുന്ന 1602.71 ചതുരശ്ര മീറ്റർ വരുന്ന ഓഡിറ്റോറിയമാണ് ക്രമവത്ക്കരിക്കേണ്ടത്. കെട്ടിടം 10.04.2017- ാം തിയ്യതിയിൽ പണിപൂർത്തീകരിച്ചതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഈ കെട്ടിടം 10.04.2017- ാം തിയ്യതിയിൽ പണിപൂർത്തീകരിച്ചതാണ്.അതായത് 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ കെട്ടിട നമ്പർ, വസ്തുനികുതി അടവാക്കിയ രശീതി നമ്പറുകൾ, വസ്തുനികുതി നിർണ്ണയിച്ച ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/6.3.23 നൽകി, മറുപടിയിൽ ഈടാക്കുന്നതാണ് അറിയിച്ചിട്ടുണ്ട്.

അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി

അടിസ്ഥാന വസ്തുനികുതി : 1602.71x40 = 64,108.40/-
5 മീറ്റർ റോഡിന്റെ 20% വർദ്ധനവ് = 12,821.68/-
250 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നൽകുന്ന 15% വർദ്ധനവ് = 9616.26/-
ആകെ വസ്തുനികുതി = 86,547/-

അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി = 3x86,547 = 2,59,639.02/-
2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി = 6x2,59,639.02 = 15,57,834/- രൂപ
മുകളിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ-വസ്തുനികുതിയിലുള്ള ഇളവുകൾ,ലൈബ്രറി സെസ്സ്, സെൻട്രലൈസ്ഡ് എയർകണ്ടീഷനുള്ള വർദ്ധനവ് എന്നിവ കണക്കാക്കിയിട്ടില്ല.ആയതിനാൽ നഗരസഭ വസ്തുനികുതി കൃത്യമായി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ക്രമവത്ക്കരണ അപേക്ഷ നം.ബി.എ 395/2015-16 തി.15.1.16 പ്രകാരം ഹംസ, മൊയ്തീൻ കുഞ്ഞി & മറ്റുള്ളവർ, തെരുവത്ത് ചാലിൽ ഹൗസ്, തിരുവന്ത്ര എന്നവരുടെ 455.96 ച.മീറ്റർ വരുന്ന വാണിജ്യകെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം 455.96 ച.മീറ്ററാണ്. ആയതിൽ 140 ച.മീറ്റർ വിസ്തൃതിയ്ക്ക് കെട്ടിടനമ്പർ (22/1022A,B) ഉള്ളതാണ്. കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണ്ണം 405 ച.മീറ്ററാണ്. ആയത് നഞ്ച ഭൂമിയാണ്. കത്ത് നം.ബി.എ 395/2015-16 തി.15.12.17 പ്രകാരം അപേക്ഷകന് ന്യൂനതാകത്ത് നൽകിയിട്ടുണ്ട്. ഈ കെട്ടിടം 15.1.2016 ന് മുൻപ് പണി പൂർത്തീകരിച്ചിട്ടുള്ളതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. കേരള മുനിസിപ്പൽ രാജ് നിയമം, വകുപ്പ് 242 ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഈ കെട്ടിടം 15.1.2016 ന് മുൻപ് പണി പൂർത്തീകരിച്ചിട്ടുള്ളതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. അതായത് 2015-16, 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ കെട്ടിട നമ്പർ, വസ്തുനികുതി അടവാക്കിയ രശീതി നമ്പറുകൾ, വസ്തുനികുതി നിർണ്ണയിച്ച ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/06.03.23 നൽകി, മറുപടിയിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

<u>അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി</u>

അടിസ്ഥാന വസ്തുനികുതി : 265x70 = 18,550/-
5 മീറ്റർ റോഡിന്റെ 20% വർദ്ധനവ് = 3710/-
250 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നൽകുന്ന 15% വർദ്ധനവ് = 2783/-
ആകെ വസ്തുനികുതി = 25043/-
അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി = 3x25,043 = 75,128/-
2015-16, 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി = 8x75,128 = 6,01,020/- രൂപ
മുകളിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ-വസ്തുനികുതിയിലുള്ള ഇളവുകൾ, ലൈബ്രറി സെസ്സ് എന്നിവ കണക്കാക്കിയിട്ടില്ല. ആയതിനാൽ നഗരസഭ വസ്തുനികുതി കൃത്യമായി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ക്രമവത്ക്കരണ അപേക്ഷ നം. ഇ2-973/2021-22 തി.28.1.22 പ്രകാരം ശ്രീ. അലി, ശ്രീമതി താഹിറ അലി, പുതുവീട്ടിൽ ഹൗസ്, ചെങ്കോട്ട നഗർ, തിരുവന്ത്ര എന്നവരുടെ 380.52 ചതുരശ്രമീറ്റർ വിസ്തീർണ്ണം വരുന്ന അപ്പാർട്ട്മെന്റ് കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിടം 25.1.22-ാം തിയ്യതിയിൽ പണി പൂർത്തീകരിച്ചതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. കെട്ടിടം CRZ പരിധിയിലായതിനാൽ പ്രസ്തുത വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ആവശ്യമാണ്. ആയത് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നം. ഇ2- 973/2021-22 തി.5.4.22 നോട്ടീസ് നൽകിയിട്ടുണ്ട്. നാളിതു വരെ ഹാജരാക്കിയിട്ടില്ല. കെട്ടിടം ക്രമവത്ക്കരിച്ചിട്ടുമില്ല. കേരള മുനിസിപ്പൽ രാജ് നിയമം, വകുപ്പ് 242 ലെ വ്യവസ്ഥ പ്രകാരമുള്ള നടപടികൾ ഈ കെട്ടിടത്തിനെതിരെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/6.3.23 നൽകി, മറുപടിയിൽ ഈടാക്കുന്നതാണ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത

കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിടം പൊളിച്ചു നീക്കേണ്ടതാണ്

ക്രമവത്ക്കരണ അപേക്ഷ നം.ബിഎ- 33/2021-22 തി.18.2.22 പ്രകാരം ശ്രീ. മുഹമ്മദ് തൈസീർ,അറയ്ക്കൽ കുറുപ്പത്ത് ഹൗസ്, ഒരുമനയൂർ എന്നവരുടെ 38.43 ചതുരശ്രമീറ്റർ വിസ്തീർണ്ണം വരുന്ന ഷെഡ് ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെ.എം.ബി.ആർ ചട്ടലംഘനമുള്ളതിനാൽ, ആയത് പൊളിച്ചു നീക്കുന്നതിന് കത്ത് നം. ബിഎ-33/2021-22 തി. 18.4.22 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് പൊളിച്ചു നീക്കിയിട്ടുണ്ടോ, കേരള മുനിസിപ്പൽ രാജ് നിയമം, വകുപ്പ് 242 ലെ വ്യവസ്ഥ പ്രകാരമുള്ള നടപടികൾ ഈ കെട്ടിടത്തിനെതിരെ സ്വീകരിച്ചിട്ടുണ്ടോ എന്നിവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/06.03.23 നൽകി, മറുപടി ലഭ്യമാക്കിയില്ല. നഗരസഭ നാളിതുവരെ അനധികൃത ഷെഡിനെതിരെ ചട്ടപ്രകാരമുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ അനധികൃതമായി നിർമ്മിച്ച് പ്രവർത്തിച്ചു വരുന്ന ഷെഡ് പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണം നടത്തിയ കെട്ടിടം ക്രമവത്ക്കരിച്ച് നൽകി

അപേക്ഷ നം. ഇ2-12681 തി. 23.11.21 പ്രകാരം ശ്രീ. അബ്ദുൾ കലാം, ഏറച്ചം വീട്ടിൽ ഹൗസ്, ചാവക്കാട് എന്നവർ 132.95 ച.മീറ്റർ വിസ്തൃതി വരുന്ന വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. നഗരസഭാ കാര്യാലയത്തിന്റെ കത്ത് നം. ബി.എ 215/21-22 തി. 10.12.21 പ്രകാരം അപേക്ഷകന് ന്യൂനതകൾ അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ടൗൺപ്ലാനിങ്ങ് സ്കീമിൽ ഉൾപ്പെട്ട താമസ സോണിൽ വരുന്ന സ്ഥലമായതിനാൽ പരമാവധി അനുവദനീയമായ വാണിജ്യകെട്ടിടത്തിന്റെ വിസ്തൃതി 75 ച.മീറ്ററാണെന്ന് ന്യൂനതാ കത്തിലുണ്ട്. പിന്നീട് ഈ കെട്ടിടം പണി പൂർത്തീകരിച്ചശേഷം ക്രമവത്ക്കരണത്തിനാണ് അപേക്ഷകൻ (അപേക്ഷ നം.ഇ2-14479 തി.28.11.22) വന്നിട്ടുള്ളത്. അതായത് അനധികൃതമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കി. ക്രമവത്ക്കരണത്തിനുള്ള അപേക്ഷ പരിഗണിച്ചപ്പോൾ- നഗരസഭയിൽ ഇപ്പോൾ മാസ്റ്റർ പ്ലാൻ വന്നതിനാൽ ടൗൺപ്ലാനിങ്ങ് സ്കീം നോക്കേണ്ടതില്ലായെന്നും, നിലവിൽ ഈ കെട്ടിടം മാസ്റ്റർ പ്ലാൻ പ്രകാരം വാണിജ്യ സോണിലാണെന്നും, ആയതിനാൽ കെട്ടിടം ക്രമവത്ക്കരിക്കാമെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭയിൽ മാസ്റ്റർ പ്ലാൻ നിലവിൽ വന്നത് 3/12/22-ാം തിയ്യതിയിലാണ്. അപേക്ഷകൻ പെർമിറ്റ് അപേക്ഷ നൽകിയത് 23.11.21-ാം തിയ്യതിയിലും. അനധികൃതമായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്ക്കരണത്തിന് അപേക്ഷ സമർപ്പിച്ചത് 28.11.22-ാം തിയ്യതിയിലുമാണ്. ഈ കെട്ടിടം അനധികൃതമായി കെട്ടിട നിർമ്മാണം നടത്തുമ്പോൾ നഗരസഭയെടുത്ത നടപടികൾ, ക്രമവത്ക്കരണത്തിന് മാസ്റ്റർ പ്ലാൻ പരിഗണിച്ചതിനുള്ള കാരണങ്ങൾ എന്നിവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 26/08.03.23 നൽകി, മറുപടിയിൽ നിലവിൽ മാസ്റ്റർ പ്ലാനാണ് പരിഗണിക്കുന്നതെന്നും, ആയതുപ്രകാരം കെട്ടിടം ക്രമവത്ക്കരിച്ച് നൽകാമെന്നുമാണ് അറിയിച്ചത്. നഗരസഭയിൽ പെർമിറ്റിന് അപേക്ഷിച്ചപ്പോൾ പെർമിറ്റ് നൽകാതെ നിരസിച്ച അപേക്ഷകൻ അനധികൃതമായി കെട്ടിടം നിർമ്മിക്കുമ്പോൾ നഗരസഭ ചട്ടപ്രകാരമുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല. മാസ്റ്റർ പ്ലാൻ നിലവിൽ വന്നതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ മാത്രമാണ് മാസ്റ്റർ പ്ലാൻ എന്ന വ്യവസ്ഥയിൽ പരിഗണിക്കാവുന്നത്. ടൗൺപ്ലാനിങ്ങ് സ്കീം നിലനിൽക്കുമ്പോൾ അനധികൃതമായി പണിപൂർത്തിയാക്കിയ കെട്ടിടം മാസ്റ്റർ പ്ലാനിൽ പരിഗണിച്ച് ക്രമവത്ക്കരിക്കുന്നത് പരിശോധിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

2021-22 വർഷത്തിൽ ശ്രീ. ജീജു, ആളൂർ ഹൗസ്, ഒരുമനയൂർ എന്ന വ്യക്തിയുടെ 510.47 ച.മീ. വിസ്തീർണ്ണത്തിലുള്ള കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടത്തിന് 8/303(2) മുതൽ 303(13) വരെയുള്ള നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് വസ്തുനികുതി ചുമത്തിയത് സഞ്ചയ/ഫോം 6 പ്രകാരം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. വസ്തുനികുതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിന്റ തരം | വിസ്തീർണ്ണം (ച. മീ.) | നിർണ്ണയിക്കേണ്ട വസ്തുനികതി (അടിസ്ഥാന | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | വസ്തുനികുതി നിരക്ക് - കൊമേഴ്സ്യൽ 90/- രൂപ, റെസിഡൻഷ്യൽ- 10/-രൂപ വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 15%) | |
| 1 | 8/303(2) | കൊമേഴ്സ്യൽ | 30.72 | 3733 | 3318 |
| 2 | 8/303(3) | ,, | 31.46 | 3822 | 3397 |
| 3 | 8/303(4) | ,, | 48.63 | 5909 | 5252 |
| 4 | 8/303(5) | ,, | 41.53 | 4794 | 4262 |
| 5 | 8/303(6) | ,, | 35.09 | 4050 | 3601 |
| 6 | 8/303(7) | ,, | 29.97 | 3459 | 3076 |
| 7 | 8/303(8) | ,, | 51.92 | 5993 | 5328 |
| 8 | 8/303(9) | ,, | 34.83 | 4020 | 3574 |
| 9 | 8/303(10) | റെസിഡൻഷ്യൽ | 46.30 | 625 | 556 |
| 10 | 8/303(11) | ,, | 63.12 | 852 | 758 |
| 11 | 8/303(12) | ,, | 73.16 | 988 | 878 |
| 12 | 8/303(13) | ,, | 23.74 | 321 | 285 |

മേൽ കെട്ടിടത്തിന് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6, പട്ടിക 6 പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തി വസ്തുനികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 14/06.03.23) മറുപടിയായി 8/303 (2) മുതൽ 8/303(13) വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ് വെയർ മുഖേന വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ഓരോ കടമുറികളുടെയും തറവിസ്തീർണ്ണം 250 ച.മീ.ക്ക് താഴെ വരുകയും സഞ്ചയ സോഫ്റ്റ് വെയറിൽ അത്തരത്തിൽ മൊത്തം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ ഭാഗമായുള്ള വർദ്ധനവ് ഓരോ നമ്പറിനും നൽകാൻ ഓപ്ഷൻ ഇല്ലാത്തതിനാൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്താൻ സാധിച്ചില്ല എന്ന് അറിയിച്ചു. ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത കെട്ടിടനമ്പറുകൾ അനുവദിക്കുമ്പോൾ നിയമാനുസൃതമായ നികുതി വർദ്ധനവ് വരുത്തുവാൻ സാധിക്കാത്തത് സാങ്കേതികമായ പോരായ്മയാണ്. ആയത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അനധികൃത കെട്ടിടങ്ങൾ സഞ്ചയ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

ഓഡിറ്റിന് ലഭ്യമാക്കിയ അൺ ഓതറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങൾ സഞ്ചയ യിൽ നിന്നും ലഭ്യമായ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി കെട്ടിടങ്ങൾ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടുകയോ നികുതി പിരിച്ചെടുക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇപ്രകാരം സഞ്ചയ ഡിമാന്റിൽ ഉൾപ്പെടാത്തതും അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ടതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങളും ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (38/09.03.23) ലഭ്യമാക്കിയ മറുപടിയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ചുമത്തിയ നികുതി | നഗരസഭയുടെ മറുപടി | ഓഡിറ്റ് ശിപാർശ |
|---|---|---|---|---|---|
| 1 | 16/738 UAC | സ്മാർട്ടി പി പ്രേമൻ & സതി, പുത്തൂർ | 15,370 | കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്തതിനാൽ UA രജിസ്റ്ററിൽ നിന്നും സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാണ്. | ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ UA രജിസ്റ്ററിൽ വരുത്തേണ്ടതാണ്. |
| 2 | 16/738A(UAC) | ,, | 4,572 | | |
| 3 | 16/738B(UAC) | ,, | 4,572 | | |
| 4 | 23/28A1 | അസ്കർ, ചാലിൽ വീട് | 202 | മറുപടി ലഭ്യമാക്കിയിട്ടില്ല | കെട്ടിടവിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. |
| 5 | 23/28B | ,, | 202 | | |
| 6 | 23/28C | ,, | 202 | | |
| 7 | 23/28D | ,, | 202 | | |
| 8 | 23/28E | ,, | 202 | | |
| 9 | 23/28F | ,, | 202 | | |
| 10 | 23/28G | ,, | 202 | | |
| 11 | 23/28H | .. | 202 | | |
| 12 | 4/113UAC | സെക്രട്ടറി, ആർ. വി മുഹമ്മദ് സ്മാരക മന്ദിരം & ടി.ടി. മാധവൻ വായനശാല | 1,846 | സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി. 2017-18 വർഷം വരെയുള്ള വസ്തുനികുതി അടവാക്കിയിട്ടുണ്ട്. | സഞ്ചയ റിപ്പോർട്ട് പ്രകാരം 13.03.23 ൽ കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 13 | 17/316UAC | മുഹമ്മദാലി, പുതുവീട്ടിൽ | 32,962 | പൊളിച്ചു നീക്കം ചെയ്തതിനാൽ സ ഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ UA രജിസ്റ്ററിൽ വരുത്തേണ്ടതാണ്. |
| 14 | 15/375UAC | ചെയർമാൻ, ചാവക്കാട് എഡ്യുക്കേഷണൽ ട്രസ്റ്റ്, വുമൺസ് ഇസ്ലാമിയ കോളേജ്, ചാവക്കാട് | 46,910 | ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. | നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 15 | 15/123UAC | എം. വി. നാസിം | 5,340 | സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി 2020-21 വരെ നികുതി ഈടാക്കിയിട്ടുണ്ട് | സഞ്ചയ റിപ്പോർട്ട് പ്രകാരം 13.03.23 ൽ കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| 16 | 13/176UAC | അലിക്കുട്ടി, അമ്പലത്ത് വീട്ടിൽ | 13,495 | സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി RR നടപടികൾ സ്വീകരിക്കുന്നതാണ്. | തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 17 | 13/176UAC(A) | „ | 1,456 | | |
| 18 | 13/176UAC(B) | „ | 1,688 | | |
| 19 | 2/1(1)UAC | ബിജീഷ്, താമരശ്ശേരി | 5,169 | സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി RR നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. | സഞ്ചയ റിപ്പോർട്ട് പ്രകാരം ടി കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി ഉൾപ്പെടുത്തിയിട്ടില്ല. മറുപടി അംഗീകരിക്കുന്നില്ല. ടി കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതുമാണ്. |
| 20 | 2/3(UAC) | കൃഷ്ണൻകുട്ടി, താമരശ്ശേരി | 9,894 | | |
| 21 | 6/206(3)UAC | വി. പി. ഷെറീഫ്, വലിയകത്ത് | 17,217 | | |
| 22 | 2/288A(UAC) | പ്രസിഡന്റ്, ശ്രീനാരായണ വിദ്യാനികേതൻ എഡ്യുക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി, തിരുവത്ര | 88,860 | ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. | നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 23 | 4/214 UAC | സനിത രാജേഷ്, ആലത്തിവീട് | 958 | കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. | ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ UA രജിസ്റ്ററിൽ വരുത്തേണ്ടതാണ്. |
| 24 | 4/232 UAC | ശാന്ത, തങ്ങളായിൽ, തിരുവത്ര | 529 | | |
| 25 | 19/326 UAC | സുബൈദഭായ് മുതൽ പേർ | 15,258 | | |
| 26 | 6/108 UAC | ലിജ്ജ മോഹൻദാസ് | 3,150 | | |

## 1-18 റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

താഴെ പറയുന്ന സാംഖ്യ രസീതുകൾ കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ വസ്തുനികുതിയിനത്തിൽ പണം ലഭിച്ചിട്ടില്ലെങ്കിലും സഞ്ചയ പ്രകാരം വസ്തുനികുതി വരവ് വന്നതായി കാണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | ഉടമയുടെ പേര് | നികുതി അടവാക്കിയ കാലയളവ് | രസീറ്റ് നമ്പർ/തീയതി | തുക |
|---|---|---|---|---|---|
| 1 | 24/10 | സൈനബ, അണ്ടത്തോട് ചാലിൽ വീട് | 2020-21, 2021-22 | 121010100228/13.04.21 | 1003 |

| | | | | | |
|---|---|---|---|---|---|
| 2 | 1/82 | ഗിരിജ, വേലു ഹൗസ് | 2016-17 മുതൽ 2021-22 വരെ | 121010102290/03.08.21 | 2022 |
| 3 | 16/646 | ഷാജി അമ്പലത്ത് വീട്ടിൽ മുതൽപേർ | 2021-22 | 121010103820/03.09.21 | 697 |
| 4 | 17/96 | ബാലൻ, ചെഞ്ചേരി ഹൗസ് | 2021-22 | 121010101014619/16.09.21 | 1334 |
| 5 | 16/1764 | ലാസ്സർ ടി.ഡി.മുതൽപേർ | 2021-22 II Nd Half | 121010107279/08.11.21 | 2484 |
| 6 | 16/1284 | എം.വി.മുഹമ്മദ് മുതൽപേർ | 2021-22 | 121010107631/17.11.21 | 2683 |
| 7 | 16/1285 | ,, | 2021-22 | 121010107633/17.11.21 | 2438 |
| 8 | 7/298 | കാദറുണ്ണി, കുഞ്ഞിബാവ ചന്ദനപ്പറമ്പിൽ | 2021-22 II Nd Half | 121010107671/17.11.21 | 142 |
| 9 | 7/292 | ,, | 2021-22 II Nd Half | 121010107673/17.11.21 | 299 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (28/09.03.23) മറുപടിയായി സാംഖ്യ മുഖേന പണമടച്ച രസീതുകൾ റദ്ദ് ചെയ്യുന്ന സാഹചര്യത്തിൽ സഞ്ചയയിൽ നിന്നും ആയത് റദ്ദ് ചെയ്യാറുള്ളതാണെന്നും എന്നാൽ ചില സന്ദർഭങ്ങളിൽ തിരക്കുകൾ മൂലം സഞ്ചയയിൽ റദ്ദ് ചെയ്യാൻ വിട്ട് പോയിട്ടുള്ള മേൽ രസീതുകൾ ഇപ്പോൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളുടെ സംയോജനത്തിലെ അപാകത മൂലം സാംഖ്യയിൽ റദ്ദാക്കപ്പെടുന്ന രസീതുകൾ യാന്ത്രികമായി സഞ്ചയയിൽ റദ്ദാക്കപ്പെടുന്നില്ല. ആയത് മൂലം സാംഖ്യയിലും സഞ്ചയയിലും വസ്തുനികുതി കളക്ഷൻ വ്യത്യസ്തമായി രേഖപ്പെടുത്തപ്പെടുന്നു. സാങ്കേതികമായ മേൽ അപാകം പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 അനധികൃത കെട്ടിടങ്ങൾ - വസ്തുനികുതിയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

സഞ്ചയ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കേണ്ടതായിട്ടുണ്ട്. ഏതാനും കെട്ടിടങ്ങളിൽ നിന്നുള്ള നികുതി കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | ഉടമയുടെ പേര് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 8/245/UAC | സെക്രട്ടറി, സാന്ദീപനി മാതൃസദനം, മമ്മിയൂർ | 1,15,068 |
| 2 | 16/541/UAC | സുബൈദ,അമ്പലത്ത് വീട്ടിൽ | 2,06,811 |
| 3 | 21/243/ A(UA) | ദാസൻവിജയൻ, രാജൻ&സിദ്ധാർത്ഥൻ, കുറുമ്പൂർ വീട് | 2,34,345 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.38/09.03.22) മേൽ പട്ടിക ക്രമനമ്പർ 1 നികുതി ചുമത്തിയതിനെതിരെ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതിനാൽ പുനർ പരിശോധനയ്ക്കായി ഫയൽ എഞ്ചിനീയറിംഗ് സെക്ഷനിലേക്ക് അയച്ചിട്ടുള്ളതാണെന്നും ക്രമനമ്പർ (2) (3) എന്നിവ പ്രകാരമുള്ള

കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് RR നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. എല്ലാ അനധികൃത കെട്ടിടങ്ങളിൽ നിന്നുള്ള വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതും അനധികൃത കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | ടവർ കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | അടവാക്കേണ്ട തുക |
|---|---|---|---|---|
| 1. | 16/777A | അലക്സ് മാത്യൂസ് , ടാറ്റ ടെലി സർവീസ് | 2005 -06 II മുതൽ 2021-22 I + II | 71,700 |
| 2. | 15/185F | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ്, കൊച്ചി | 2016 -17 I+II മുതൽ 2021-22 I + II | 38,706 |
| 3. | 22/276 | വയർലെസ്സ് TT, ഇൻഫോ സർവീസ് ലിമിറ്റഡ് | 2013-14 I+II മുതൽ 2021-22 I + II | 1,20,600 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (29/09.03.23) മറുപടിയായി മേൽ മൊബൈൽ ടവറുകളുടെ നികുതി ഒടുക്കുന്നതിന് നിരവധി തവണ നോട്ടീസുകൾ നൽകിയിട്ടുള്ളതാണ്. വസ്തുനികുതി ഒടുക്കാത്ത പക്ഷം സ്ഥല ഉടമകളുടെ പേരിൽ റവന്യൂ റിക്കവറി നടത്തുന്നതാണ് എന്നും ഇതുവരെ നികുതി അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്നും അറിയിച്ചു. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വരവിനങ്ങളിൽ വൻതുകകൾ കുടിശ്ശിക – പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2021-22 വർഷത്തെ നഗരസഭയുടെ ബാലൻസ്ഷീറ്റ്, ബന്ധപ്പെട്ട വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പ്രകാരം വിവിധ വരവിനങ്ങളിൽ വൻതുക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പ്രധാന വരുമാന ഇനങ്ങളിൽ നിന്നുള്ള കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

വസ്തുനികുതി - 1,67,38,531

വാടക - 15,97,669

തൊഴിൽ നികുതി (സ്ഥാപനങ്ങൾ/കച്ചവടക്കാർ) - 8,52,531

മേൽ കുടിശ്ശികകൾ പിരിച്ചെടുക്കാനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/10.03.23) മറുപടിയായി വാടകയിനത്തിൽ 7,91,323/- രൂപയും തൊഴിൽ നികുതിയിനത്തിൽ 1,12,242/- രൂപയും പിരിച്ചെടുത്തിട്ടുണ്ടെന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ക്യാംപ് കളക്ഷൻ, റവന്യൂ റിക്കവറി നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുക അടവാക്കിയില്ല.

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാല സംഘം) ആക്ട്, 1989 ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. The Kerala Decentralisation Of Powers Act, 2000 പ്രകാരം ഗ്രന്ഥശാല സംഘം ആക്ടിലെ വകുപ്പ് 48(1) ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതാണ്.

സെക്രട്ടറിയും ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതാണ്. സർക്കുലർ നം. 17263/I3/തസ്വഭവ തീയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷം കഴിഞ്ഞും 30 ദിവസത്തിനുള്ളിൽ തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 10,07,117/- രൂപ പിരിച്ചെടുക്കുകയും ഒരു തവണയായി 3,59,741/- രൂപ മാത്രം അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ 2021-22 ലെ ബാലൻസ് ഷീറ്റ് പ്രകാരം 21,30,158.75 രൂപ പിരിച്ചെടുത്ത ലൈബ്രറി സെസ് അടവാക്കാൻ ഉള്ളതായി കാണുന്നു. പിരിച്ചെടുത്ത ലൈബ്രറി സെസ് തുക അടവാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (45/10.03.23) മറുപടിയായി നഗരസഭയിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് 2020-21 രണ്ടാം അർദ്ധവർഷത്തിലെ ലൈബ്രറി സെസ് തുക അടവാക്കുന്നതിന് കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ടി തുക അടവാക്കിയതിന് ശേഷം ബാക്കി തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പിരിച്ചെടുത്ത ലൈബ്രറി സെസ് തുക നിയമാനുസൃതം സമയബന്ധിതമായി അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

2021- 22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|---|
| 1 | 7 | ഹീറോ ഗ്രേസ് മോട്ടോഴ്സ് | ഒന്ന് |
| 2 | 7 | ശ്രീകൃഷ്ണ പെട്രോൾ പമ്പ് | ഒന്ന്, രണ്ട് |
| 3 | 9 | മുക്തി ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ | രണ്ട് |
| 4 | 9 | ബി.എസ്.എൻ.എൽ | രണ്ട് |
| 5 | 10 | ജിയോ പോയിന്റ് | രണ്ട് |
| 6 | 10 | സുധ സതീശൻ, മെഡിക്കൽസ് | ഒന്ന്, രണ്ട് |
| 7 | 10 | ചീരൻസ് ഓട്ടോ ഏജൻസി | രണ്ട് |
| 8 | 13 | റെയിൻബോ ജീവാലയം | ഒന്ന്, രണ്ട് |
| 9 | 15 | സൺറൈസ് മെഡികെയർ | ഒന്ന്, രണ്ട് |
| 10 | 15 | ഹലീമ ഐ ക്ലിനിക്ക് | ഒന്ന്, രണ്ട് |
| 11 | 15 | പ്രൊ.ടി.വി.എസ്. | ഒന്ന്, രണ്ട് |
| 12 | 15 | പ്രൊ. പയനീയർ ട്യൂഷൻ സെന്റർ | ഒന്ന്, രണ്ട് |
| 13 | 15 | പ്രൊ.കെ.കെ. മാൾ, സിറ്റി സൂപ്പർമാർക്കറ്റ് | രണ്ട് |
| 14 | 15 | അക്ബർ അക്കാദമി | ഒന്ന്, രണ്ട് |
| 15 | 15 | ഗെയിൻ അക്കാദമി | ഒന്ന്, രണ്ട് |
| 16 | 15 | പ്രതിജ്ഞ ഡ്രൈവിംഗ് സ്കൂൾ | ഒന്ന്, രണ്ട് |
| 17 | 15 | പ്രൊ.വി.കെ.ജി. വെജിറ്റബിൾസ് | ഒന്ന്, രണ്ട് |
| 18 | 15 | ഷംസുദ്ദീൻ.സി., ഇന്റീരിയാർട്ട് | രണ്ട് |

| | | | |
|---|---|---|---|
| 19 | 15 | മാനേജർ, പെട്രോൾ പമ്പ് ക്വാളിറ്റി ഫ്യൂവൽസ് | രണ്ട് |
| 20 | 15 | ജലീൽ ഹുസൈൻ, ചിക്കിംഗ് | ഒന്ന്, രണ്ട് |
| 21 | 15 | മുത്തൂറ്റ് ഫിനാൻസ് | രണ്ട് |
| 22 | 15 | പ്രവാസി ക്ഷേമനിധി ഓഫീസ് | ഒന്ന്,രണ്ട് |
| 23 | 16 | കഫേശ്രീ റസ്റ്റോറന്റ് | ഒന്ന്, രണ്ട് |
| 24 | 16 | മാനേജർ, ഹാന്റക്സ് | ഒന്ന്, രണ്ട് |
| 25 | 16 | പി.എം.എ.വൈ. സോഷ്യൽ ഡവലപ്മെന്റ് ഓഫീസർ | രണ്ട് |
| 26 | 16 | തമിഴ് നാട് മെർക്കന്റൈൽ ബാങ്ക് | രണ്ട് |
| 27 | 16 | പ്രൊ.കാരുണ്യ സൂപ്പർമാർക്കറ്റ് | ഒന്ന് |
| 28 | 16 | പ്രൊ.ഏഷ്യൻ സൂപ്പർമാർക്കറ്റ് | ഒന്ന്, രണ്ട് |
| 29 | 16 | അൽഹിന്ദ് അക്കാദമി, ബീച്ച് റോഡ് | ഒന്ന്, രണ്ട് |
| 30 | 16 | സപ്ലൈകോ സൂപ്പർമാർക്കറ്റ്, ചേറ്റുവ | രണ്ട് |
| 31 | 16 | സൽക്കാര ഹോട്ടൽ | ഒന്ന്, രണ്ട് |
| 32 | 16 | എംപീസ് ദന്താശുപത്രി | രണ്ട് |
| 33 | 16 | മെട്രോ കോസ്മെറ്റിക്സ് ക്ലിനിക്ക് | രണ്ട് |
| 34 | 16 | പ്രിൻസിപ്പാൾ, ഐ.എസ്.ആർ അക്കാദമി | ഒന്ന്, രണ്ട് |
| 35 | 16 | പ്രൊ.വിന്നേഴ്സ് കോളേജ് | ഒന്ന്, രണ്ട് |
| 36 | 16 | ദയ മിനി മാർജിൻ മെഡിക്കൽസ് | ഒന്ന് |
| 37 | 16 | മാനേജർ, വിജയബാങ്ക് | ഒന്ന്, രണ്ട് |
| 38 | 16 | മഹാരാജ ടെക്സ്റ്റൈൽസ് | ഒന്ന് |
| 39 | 16 | മഹാരാജ ലെതർ | ഒന്ന്, രണ്ട് |
| 40 | 16 | ഹമീഷ ടെക്സ്റ്റൈൽസ് | ഒന്ന് |
| 41 | 16 | മാബൈൻ നിധി ലിമിറ്റഡ് | രണ്ട് |
| 42 | 16 | പ്രൊ.ഓക്സ്ഫോർഡ് അക്കാദമി | ഒന്ന്, രണ്ട് |
| 43 | 16 | പ്രൊ.ഗെയിൻസ് അക്കാദമി | ഒന്ന്,രണ്ട് |
| 44 | 16 | റഹ്മാനിയ ഹോട്ടൽ | ഒന്ന്, രണ്ട് |
| 45 | 16 | പ്ലാനറ്റ് ഫാഷൻ | ഒന്ന്,രണ്ട് |

| | | | |
|---|---|---|---|
| 46 | 16 | ഡോ.പോൾ ഡെന്റൽ ക്ലിനിക്ക് | ഒന്ന്, രണ്ട് |
| 47 | 16 | സുധാസ് സിൽക്സ് | ഒന്ന്, രണ്ട് |
| 48 | 16 | ഫാഷൻവേൾഡ് | ഒന്ന് |
| 49 | 16 | ന്യൂ കേരള ഗിഫ്റ്റ് ഹൗസ് | ഒന്ന്, രണ്ട് |
| 50 | 16 | വന്ദന ടെക്സ്റ്റൈൽസ് | ഒന്ന്, രണ്ട് |
| 51 | 16 | അഹല്യ ഫിനാൻഷ്യൽ സർവീസസ് | ഒന്ന്, രണ്ട് |
| 52 | 16 | പ്രവാസി മലയാളം ബെനഫിറ്റ് | ഒന്ന്, രണ്ട് |
| 53 | 16 | ചെമ്മണ്ണൂർ വന്ദന സിൽക്സ് | ഒന്ന്, രണ്ട് |
| 54 | 16 | പീപ്പിൾസ് കളക്ഷൻസ് | ഒന്ന്, രണ്ട് |
| 55 | 16 | വാനില സിൽക്സ് | ഒന്ന്, രണ്ട് |
| 57 | 17 | സി.ഐ. ഓഫ് പോലീസ് | ഒന്ന്, രണ്ട് |
| 58 | 17 | മണപ്പുറം ഹെൽത്ത്കെയർ മൈക്രോ ലാബ് | ഒന്ന് |
| 59 | 17 | മഹാലക്ഷ്മി ക്ലിനിക്ക് | ഒന്ന്, രണ്ട് |
| 60 | 17 | മധുര മൈക്രോഫിനാൻസ് | രണ്ട് |
| 61 | 17 | ഭാരത് മെഡിക്കൽസ് | ഒന്ന്, രണ്ട് |
| 62 | 18 | ഫിഷറീസ് വികസന ഓഫീസ് | ഒന്ന് |
| 63 | 18 | എസ്.ഐ.ഓഫ് ഫിഷറീസ്, മണത്തല | ഒന്ന്, രണ്ട് |
| 64 | 18 | ശ്രീ ചിത്ര ഹോസ്പിറ്റൽ | ഒന്ന്, രണ്ട് |
| 65 | 18 | ശ്രീ ചിത്ര ആയുർവേദ നഴ്സിംഗ് ഹോം | ഒന്ന്, രണ്ട് |
| 66 | 19 | മാനേജർ, പെട്രോൾ പമ്പ് | ഒന്ന്, രണ്ട് |
| 67 | 20 | കെ.എസ്.ഇ.ബി., ബീച്ച് സെക്ഷൻ | ഒന്ന്, രണ്ട് |
| 68 | 20 | മാനേജർ, അരോമ ബേക്കറി | ഒന്ന്, രണ്ട് |
| 69 | 25 | വെറ്റിനറി ഹോസ്പിറ്റൽ | ഒന്ന് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 പ്രകാരം തൊഴിൽ നികുതി ചുമത്തി പിഴപലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 27/09.03.23)

## 1-24 റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ , കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പട്ടിക 2 ക്രമനമ്പർ 238, 387 എന്നിവ പ്രകാരം യഥാക്രമം റേഷൻഡിപ്പോ, മാവേലിസ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്കും, കള്ള് ഷാപ്പിനും ലൈസൻസ് എടുക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ നഗരസഭയുടെ 2021-22 ലെ ലൈസൻസ് രജിസ്റ്റർ

പ്രകാരം മേൽപറഞ്ഞ യാതൊരു സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (46/10.03.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നത് ആവശ്യമായ ലൈസൻസോടു കൂടിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 നഗരസഭയുടെ അധീനതയിലുള്ള കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു.

നഗരസഭയുടെ കെട്ടിടങ്ങളിൽ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം മുതുവട്ടൂർ ബാലാമണിയമ്മ വനിത സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ 17 മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയത് വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (43/10.03.23) മറുപടിയായി മുതുവട്ടൂർ ബാലാമണിയമ്മ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് പോകാത്തതിനാൽ ആദ്യം ഡെപ്പോസിറ്റ് ഇനത്തിൽ 30% , വാടകയിനത്തിൽ 20% കുറവ് വരുത്തിയും തുടർന്നും ഡെപ്പോസിറ്റ് ഇനത്തിൽ 20% കുറവ് വരുത്തിയും ലേലം, പുനർലേലം, ഓഫർ എന്നിവ ക്ഷണിച്ചിട്ടുള്ളതാണ്. എന്നാൽ ഡെപ്പോസിറ്റ്, വാടക എന്നിവയ്ക്ക് കൗൺസിൽ അംഗീകരിച്ച തുകയേക്കാൾ വളരെ കുറവിനാണ് ഓഫർ സമർപ്പിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടും നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം പരിശോധിക്കേണ്ടതും ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-26 മരം ലേലം - ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2021-22 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 150120300 Receipts From Auction Of Obsolete Assets എന്ന ശീർഷകത്തിൽ Fee For Tree Auction എന്നയിനത്തിൽ 7000/- രൂപ വരവ് വന്നിട്ടുണ്ട്. മരം ലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/10.03.23) മറുപടി ലഭ്യമാക്കുകയോ ടി വരവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി വരവിനത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

## 1-27 നഗരസഭ തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

I ചാവക്കാട് നഗരസഭയുടെ 25/11/21 ലെ തീരുമാന നമ്പർ-1 (ഫയൽ നമ്പർ-R2-12934/18) തദ്ദേശ സ്വയംഭരണ (ആർ.ഡി.)വകുപ്പിൻറെ 25.02.2021 ലെ സ.ഉ.(അ)നമ്പർ 15/2021/ത.സ്വ.ഭ.വ. വിജ്ഞാപനപ്രകാരം കമാനങ്ങളും പരസ്യ ബോർഡുകളും പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിക്കുന്നതിനുള്ള പുതുക്കി നിശ്ചയിച്ച ഫീസും അനധികൃത ബോർഡുകൾക്കെതിരെ ചുമത്തേണ്ട പിഴയും അംഗീകരിച്ചു. നഗരസഭ പരിധിയിലുള്ള സ്വകാര്യ കെട്ടിടങ്ങളിലും സ്വകാര്യ ഭൂമിയിലും ഇത്തരത്തിൽ കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കുന്നതിന് മേൽ പറഞ്ഞ നിരക്കിൽ തന്നെ അപേക്ഷ ഫീസും പെർമിറ്റ് ഫീസും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ 2021-22 വർഷത്തെ വാർഷികണക്ക് പ്രകാരം കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കുന്നതിനുള്ള ഫീസ് ഇനത്തിൽ വരവുകൾ ഉള്ളതായി കാണുന്നില്ല. മേൽ തീരുമാനപ്രകാരം പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനും അനധികൃത ബോർഡുകൾ സ്ഥാപിക്കുന്നതിന് പിഴ ഈടാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 30/09.03.23) മറുപടിയായി നഗരസഭ പരിധിയിലുള്ള സ്വകാര്യ ഭൂമിയിലും സ്വകാര്യ കെട്ടിടങ്ങളിലും ഇതേ നിരക്ക് ഈടാക്കാൻ നഗരസഭ തീരുമാനിച്ചിട്ടുള്ളതാണെന്നും തുടർനടപടികളുടെ ഭാഗമായി ബൈലോ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണെന്നും അറിയിച്ചു.

II ചാവക്കാട് നഗരസഭയുടെ 10/09/21 ലെ തീരുമാനനമ്പർ - 21 (ഫയൽ നമ്പർ - എച്ച്-9159/21) നമ്പർ തീരുമാന പ്രകാരം നഗരസഭ പ്രദേശത്തെ മുഴുവൻ വളർത്തുപട്ടികൾക്കും രജിസ്ട്രേഷൻ നടത്തി കേരള മുനിസിപ്പാലിറ്റി നിയമം 437 പ്രകാരം ലൈസൻസ് നൽകുന്നതിനും രജിസ്ട്രേഷൻ ഫീസായി 300/- രൂപയും പട്ടിയുടെ ഫീസായി 100/-രൂപയും ചേർത്ത് 400/- രൂപ വീതം ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ 2021-22 ലെ വാർഷിക കണക്കുകൾ പ്രകാരം Licence Fees For Domestic Dogs എന്നയിനത്തിൽ 900/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. നഗരസഭ തീരുമാനം നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (30/09.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ തുടർനടപടികൾ

സ്വീകരിക്കേണ്ടതും വളർത്തുപട്ടികൾക്ക് ലൈസൻസ് നൽകൽ എന്ന നഗരസഭയുടെ നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതുമാണ്.

## 1-28 സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- അപാകതകൾ - ചെലവ് തുക 2246594 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള ചെലവ് അവയുടെ നേരേ ചേർത്തിരിക്കുന്ന കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 22/8.3.2023)

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | അപാകതകൾ |
|---|---|---|---|---|
| 125/22 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- CSLTC/DCC എന്നിവയുടെ പരിപാലനം, ബോധവൽക്കരണം, ശുചീകരണ പ്രവർത്തനങ്ങൾ | 1/15.6.2021 | 46238 | എംഎംആർ ഡെന്റൽസ് എന്ന സ്ഥാപനത്തിൽ നിന്നും 20868 രൂപയുടേയും അലിഗോ ഫയർ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും 25370 രൂപയുടേയും സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ,കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല. |
| | | 21/24.9.2021 | 154060 | അന്നം സ്വയം സഹായ സംഘത്തിന് ഭക്ഷണചെലവിനത്തിൽ നൽകിയ തുക. ബിൽ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല. |
| | | 13/13.8.2021 | 126452 | അന്നം സ്വയം സഹായ സംഘത്തിന് ഭക്ഷണചെലവിനത്തിൽ നൽകിയ തുക. ബിൽ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല. |
| | | 16/27.8.2021 | 382032 | അന്നം സ്വയം സഹായ സംഘത്തിന് ഭക്ഷണചെലവിനത്തിൽ നൽകിയ തുക. ബിൽ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല. |
| | | 35/3.11.2021 | 64352 | അന്നം സ്വയം സഹായ സംഘത്തിന് ഭക്ഷണചെലവിനത്തിൽ നൽകിയ തുക. ബിൽ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല. |

| | | | | |
|---|---|---|---|---|
| | | 35/3.11.2021 | 10800 | ഷെമീർ എന്നയാൾക്ക് നൽകിയത്. വൌച്ചർ/കൈപ്പറ്റ് രസീത്/ബിൽ ഹാജരാക്കിയില്ല. |
| 9/22 | വജ്രജൂബിലി ഫെലോഷിപ്പ് 2021-22 | 24/30.9.2021 | 65000 | വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 135000 രൂപയുടെ TR59(E) ബിൽ,മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. |
| | | 25/30.9.2021 | 70000 | -ടി- |
| 145/22 | വിവിധ വാർഡുകളിലേക്ക് സ്ലീറ്റ് മെയിൻ വലിക്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10000 | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 170000 രൂപയാണ് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവ്. എന്നാൽ 160000 രൂപയുടെ ചെലവിന്റെ വിവരങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 10000 രൂപയുടെ TR59(E) ബിൽ, ചെലവിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. |
| | | ധനകാര്യ കമ്മീഷൻ | 1317660 | കുന്ദംകുളം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 719834 രൂപയുടെ എസ്റ്റിമേറ്റ് മാത്രം ഹാജരാക്കി. ബാക്കി തുകയുടെ എസ്റ്റിമേറ്റ്, മുഴുവൻ തുകയുടേയും കൈപ്പറ്റ് രസീത്, കെഎസ്ഇബി -യുമായി വച്ച എഗ്രിമെന്റ് എന്നിവ ഹാജരാക്കിയില്ല. |
| | ആകെ | | 2246594 | |

## 1-29 മത്തിക്കായലിൽ പുഞ്ച കൃഷി - അപാകതകൾ

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 53/22 പ്രകാരം "ഹരിതകേരളം - മത്തിക്കായലിൽ പുഞ്ചകൃഷി" എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ (ബേസിക്ക് ഗ്രാന്റ്) അവാർഡിൽ നിന്നും 333660 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വൌച്ചർ നമ്പർ 53/26.3.2022 പ്രകാരം 201960 രൂപ നെൽകൃഷിയുടെ കൂലിചെലവ് സബ്സിഡി ഇനത്തിലും വൌച്ചർ നമ്പർ 52/23.3.2022 പ്രകാരം 131700 രൂപ നെൽവിത്ത്, കുമ്മായം എന്നിവ വാങ്ങി നൽകിയ ഇനത്തിലും ചെലവഴിച്ചതാണ്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ട് എന്ന് കൃഷി ഫീൽഡ് ഓഫീസറോ അസി.കൃഷി ഓഫീസറോ

ബന്ധപ്പെട്ട അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഗുണഭോക്താക്കൾ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

3. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ തോട്ടം എന്ന തരത്തിൽ ഉൾപ്പെടുന്ന ഭൂമിക്കും നികുതി രസീതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

4. ഓഡിറ്റ് കാലയളവിൽ ബാധകമായിട്ടുള്ള സബ്സിഡി സംബന്ധിച്ച സ.ഉ.(സാധാ).നമ്പർ 1009/2020 /തസ്വഭവ തീയതി 29.5.2020 പ്രകാരം ഒരു ഹെക്ടറിന് പരമാവധി 22000 രൂപയാണ് സബ്സിഡിയായി അനുവദിക്കേണ്ടത്. എന്നാൽ പല ഗുണഭോക്താക്കൾക്കും ഇതിൽക്കൂടുതൽ തുക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കരമടച്ച രസീത് പ്രകാരം കൃഷി ഭൂമിയുടെ അളവ് (തോട്ടം ഇനത്തിലുള്ളത് ഒഴിവാക്കിയതിനുശേഷം- Are-ൽ) | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി | അധികം അനുവദിച്ചത് (രൂപ) |
|---|---|---|---|---|---|
| 1 | സുഭാസ് കെ എസ് | 48.11 | 13600 | 10584 | 3016 |
| 2 | രതി സുഭാഷ് | 50.88 | 20400 | 11194 | 9206 |
| 3 | ദേവദാസൻ | 54.39 | 23800 | 11966 | 11834 |
| 4 | സുമേഷ് കെ എസ് | 37.84 | 27200 | 8325 | 18875 |
| 5 | ഷിജി കെ പി | കരമടച്ച രസീത് ഹാജരാക്കിയിട്ടില്ല | 13600 | -- | 13600 |
| 6 | സനിലൻ | കൃഷ്ണൻ തറയിൽ എന്നയാളു ടെ ഭൂമിയുടെ കരമടച്ച രസീത് ഹാജരാക്കി.എന്നാൽ ടിയാനുമായുള്ള പാട്ടക്കരാർ ഹാജരാക്കിില്ല. | 4760 | -- | 4760 |
| 7 | സനിൽകുമാർ പി പി | കരമടച്ച രസീത് ഹാജരാക്കിയില്ല | 27200 | -- | 27200 |
| 8 | മുഹമ്മദ് ഐ എം | കരമടച്ച രസീത് ഹാജരാക്കിയില്ല | 27200 | -- | 27200 |
| 9 | അസ്സൂറ ദ്ദജാന | കരമടച്ച രസീത് ഹാജരാക്കിയില്ല | 13600 | -- | 13600 |
| | | | | | 129291 |

ഈ പ്രോജക്റ്റിൽ നെൽവിത്ത്, കുമ്മായം എന്നിവ വാങ്ങുന്നതിനായി താഴെ പറയുംപ്രകാരം 131700 രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്.

| ഇനം | വില്പന നടത്തിയ സ്ഥാപനത്തിന്റെ പേര് | തൂക്കം(kg) | വില |
|---|---|---|---|
| ജ്യോതി നെൽവിത്ത് | കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, | 1350 | 56700 |

| | | | |
|---|---|---|---|
| | തൃശ്ശൂർ | | |
| കുമ്മായം | ചാവക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5000 | 75000 |

എന്നാൽ ബന്ധപ്പെട്ട അപേക്ഷകൾ, വിത്ത്, വളം എന്നിവ വിതരണം ചെയ്തതിന്റെ/വാങ്ങിയതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ കുമ്മായം 75% സബ്സിഡി ബാധകമായ ഇനമാണ്. 5000 കി.ഗ്രാം കുമ്മായത്തിന് 15 രൂപ നിരക്കിൽ 75000 രൂപയാണ് ആകെ വില വരുന്നത്. ഇതിന് 56250 രൂപ മാത്രമേ സബ്സിഡി നൽകേണ്ടതുള്ളൂ. എന്നാൽ അധികമായി 18750 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 50/13.3.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞ പ്രകാരം അധികം നൽകിയ 148041 രൂപ (129291 + 18750) ഉത്തരവാദിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്. നെൽവിത്ത്, കുമ്മായം എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുന്നതുവരെ നിരാകരിച്ച തുക കഴിച്ച് ബാക്കി 112950 രൂപയുടെ (131700 – 18750) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഹാജർ പുസ്തകത്തിൽ ആബ്സന്റ് എന്ന് രേഖപ്പെടുത്തിയ ദിവസങ്ങളിൽ മുഴുവൻ ശമ്പളം നൽകി

ശ്രീ ശ്രീനാഥ് കെ എം, ജൂനിയർ ക്ലർക്ക് 14.2.2022 മുതൽ 18.2.2022 വരെ 5 ദിവസം ആബ്സന്റ് ആയിരുന്നു എന്ന് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ ടിയാന് 2022 ഫെബ്രുവരി മാസത്തെ മുഴുവൻ ശമ്പളവും അനുവദിച്ചിട്ടുണ്ട്. ടിയാന് മേൽപറഞ്ഞ ദിവസങ്ങളിൽ മറ്റ് അവധികളൊന്നും അനുവദിച്ചതായി കാണുന്നുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 54/13.3.2023-ന് മറുപടി ലഭിച്ചില്ല. ടിയാനിൽ നിന്നും 2022 ഫെബ്രുവരി മാസത്തിൽ അധികമായി നൽകിയ 5 ദിവസത്തെ ശമ്പളം തിരിച്ച് പിടിക്കുകയോ ടി ദിവസങ്ങളിലേക്ക് അർഹതപ്പെട്ട അവധി അനുവദിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 കുടിവെള്ള കണക്ഷൻ നൽകൽ - അപാകതകൾ - 265000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടിവെള്ള കണക്ഷൻ നൽകുന്നതിന് താഴെ പറയും പ്രകാരം 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഒരാൾക്ക് 5000 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്.

1) കുടിവെള്ള കണക്ഷൻ ജനറൽ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 129/22 | കുടിവെള്ള കണക്ഷൻ (ജനറൽ) | 33/29.10.2021 | 170000 |

2.കുടിവെള്ള കണക്ഷൻ ജനറൽ (സ്പിൽ ഓവർ)

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 14/22 | കുടിവെള്ള കണക്ഷൻ (ജനറൽ) | 14/15.3.2022<br>16/23.3.2022<br>2/30.3.2022 | 70000<br>15000<br>10000 |
| | ആകെ | | 95000 |

പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് നഗരസഭാ കൗൺസിൽ അംഗീകരിച്ച് സെക്രട്ടറി ഒപ്പിട്ട് ഓഡിറ്റിൽ

ഹാജരാക്കിയിട്ടില്ല.

ബി) ഗുണഭോക്താക്കൾ വാട്ടർ കണക്ഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. വാട്ടർ കണക്ഷൻ എടുക്കുന്നതിന് സമർപ്പിച്ച അപേക്ഷ വാട്ടർ അതോറിറ്റി അംഗീകരിച്ചതിന്റേയും (വർക്ക് ഓർഡർ) എസ്റ്റിമേറ്റിന്റേയും വിവരങ്ങൾ മാത്രമാണ് ഹാജരാക്കിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ വാട്ടർ കണക്ഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയാലാണ് 5000 രൂപ വീതം അനുവദിക്കാവുന്നത്.

സി) സിന്ധു സുബ്രഹ്മണ്യൻ, സുഗത പി കെ എന്നിവർ അപേക്ഷയിൽ സൂചിപ്പിച്ച അക്കൗണ്ട് നമ്പറിലേക്കല്ല സബ്സിഡി അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/8.3.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ ആകെ ചെലവ് 265000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 പട്ടികജാതിക്കാർക്ക് സൗജന്യ കുടിവെള്ള കണക്ഷൻ - അപാകതകൾ - ചെലവ് തുക 48213 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി താഴെ പറയും പ്രകാരം 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|---|
| 1 | 8/22 | പട്ടികജാതി വിഭാഗക്കാർക്ക് സൗജന്യ കുടിവെള്ള കണക്ഷൻ | 51/17.1.2022 | 15,022 |
| 2 | 126/22 | പട്ടികജാതി വിഭാഗക്കാർക്ക് സൗജന്യ കുടിവെള്ള കണക്ഷൻ (സ്പിൽ ഓവർ) | 32/29.10.2021 | 33,191 |
| | | ആകെ | | 48,213 |

പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) ഗുണഭോക്താക്കൾ വാട്ടർ കണക്ഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയാൽ മാത്രമാണ് തുക നൽകാവുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വർക്ക് ഓർഡറിന്റേയും എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിച്ചത്

ബി) മേൽപറഞ്ഞ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

സി) 7,511 രൂപയുടെ ധനസഹായം ലഭിച്ച ശ്രീ സജീവൻ കെ കെ എന്നയാൾ പട്ടികജാതിയിൽ പെടുന്നയാളാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/8.3.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 48,213/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ - അപാകതകൾ - ചെലവ് തുക 209897 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 128/22 | ചാവക്കാട് നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ | 12/13.8.2021 | 59,997 |
| 129/22 | ചാവക്കാട് നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ | ലഭ്യമല്ല (ധനകാര്യകമ്മീഷൻ അവാർഡ്) | 1,49,900 |
| | ആകെ | | 2,09,897 |

അപാകതകൾ:-

(1) പ്രോജക്ട് നമ്പർ 128/22 – ഒഡീസ്സി സിസ്റ്റംസ് & സൊല്യൂഷൻസ്, ന്യൂ ഡൽഹി എന്ന സ്ഥാപനത്തിൽ നിന്നും DELL Optiplex 3088 SFF മോഡൽ കമ്പ്യൂട്ടർ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.
(2) പ്രോജക്ട് നമ്പർ 129/22 –വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്നും 1 Epson Printer, 3 Canon Printer, Autocad Full Version 1 Year Subscription എന്നിവ വാങ്ങിയതിനാണ് മേൽ പ്രകാരം തുക നൽകിയത്.

അപാകതകൾ

A. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

B. സി പി ആർ സി എസ് / GeM വഴി വാങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല.

C. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം 1 ലക്ഷം രൂപയ്ക്ക് മേൽ വില വരുന്ന പർച്ചേസുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/8.3.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2,09,897 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 നഗരസഭയുടെ വസ്തുവഹകൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത്- വിശദീകരണം ലഭ്യമാക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ആയത് കടന്നുപോകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി ചാവക്കാട് നഗരസഭയിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല റോഡ് ഭാഗങ്ങളിലൂടെയും പുതിയ നാഷണൽ ഹൈവേ 66 കടന്നുപോകുന്നുണ്ട്. നഗരസഭയുടെ ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി നീക്കം ചെയ്തത് സംബന്ധിച്ചും ആയതിൽ സർക്കാറിൽ നിന്നും സ്പഷ്ടീകരണം ലഭ്യമായതിന്റെ വിവരങ്ങൾ ലഷ്ട പരിഹാരം ലഭ്യമാക്കുന്നതിലെ സർക്കാറിന്റെ ഭാഗത്തു നിന്നുണ്ടായ നടപടികൾ, വസ്തുവകകകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചും നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുമായി ആശയവിനിമയം നടത്തിയതിന്റെ വിവരങ്ങൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് 4/2.3.23ആയി ഓഡിറ്റ് എൻക്വയറി നൽകിയിരുന്ന ആയതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

2000-ലെ കേരളാ മുനിസിപ്പാലിറ്റി വസ്തു ആർജിക്കലും കൈയ്യൊഴിയലും ചട്ടങ്ങളിലെ ചട്ടം 6 ,കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് 215 (1) വകുപ്പ് എന്നിവ അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ നഗരസഭയുടെ ഏതൊരു വസ്തുവും കൈയൊഴിയുവാനാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ നഗരസഭ നാഷണൽ ഹൈവേ അതോറിറ്റിക്ക് ആയതിന്റെ വസ്തുവഹകൾ കൈയൊഴിയുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി അനിവാര്യമാണ്.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാര തുക നൽകിവരുന്നുണ്ട്. നഗരസഭയുടെ ആസ്തി

രജിസ്റ്ററിലുൾപ്പടുന്ന വസ്തുവഹകൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 മരാമത്ത് പദ്ധതി പ്രവർത്തനം

1. സാമ്പത്തികവർഷം നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 14 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 8 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിച്ചു (57.14 %). മൊത്തം 28757200/രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 8417939/രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (29.27%). പദ്ധതിപ്രവർത്തനം കൂടുതൽചടുലമാക്കിയാലേ പദ്ധതിച്ചെലവിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ.

2. സാമ്പത്തികവർഷം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 148 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 120 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിച്ചു (81.08 %). മൊത്തം 64744429/രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 42419959/രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (65.52%). കൂടുതൽ പ്രൊജക്റ്റുകൾക്കുവേണ്ടി തുക ചെലവിടാൻ കഴിഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. അതേ സമയം പരമാവധി പദ്ധതിത്തുക ചെലവഴിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും നഗരസഭാസെക്രട്ടറി നിർവണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 384/21, 131/22, 23/23 |
| പ്രവൃത്തി | ഗവ.ഹയർ സെക്കന്ററി സ്കൂൾ മണത്തല -സയൻസ് ലാബ്, ആർട്ട് ഗ്യാലറി കൾച്ചറൽ നിർമാണം |
| അടങ്കൽ, ഫണ്ട് | 1810000/ കേന്ദ്രാവിഷ്കൃതം<br>982445/ സി. എഫ്. സി. ഗ്രാന്റ്<br>197555/ വികസനഫണ്ട് ജനറൽ |
| സാ. അനുമതി | LSGD/TS/2020-21/123571/5.2.21 |
| കരാറുകാരൻ | പി. നന്ദകുമാർ |
| കരാർ | 2/21-22/6.5.21 |
| അളവുപുസ്തകം | 2/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 409/27.3.22.<br>982445/ |

സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്ന വ്യക്തമാക്കിയിട്ടുണ്ട്.

## 1-37 മരാമത്ത് പ്രവൃത്തികൾ അപാകതകൾ

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD

ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ,10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവയിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും നഗരസഭാ എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാർ ആയത് സമർപ്പിച്ചിട്ടില്ല.

(1)

| | |
|---|---|
| പ്രൊജക്റ്റ് നം | 189/22, |
| പ്രവൃത്തി | പൊതുകിണറുകളിൽ വാട്ടർ എ. ടി. എം. സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് | 2000000/ സി. എഫ്. സി ഗ്രാന്റ് |
| കരാറുകാരൻ | വാട്ടർ വേൾഡ് വെസ്റ്റ് ഫോർട്ട് തൃശ്ശൂർ |
| കരാർ | 13/21-22/19/10/21 |
| അളവുപുസ്തകം | ഇല്ല |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | PFMS/16/1/22, 913152/ രൂപ |

കൂടാതെ മേൽ പ്രവൃത്തി സംബന്ധിച്ച കരാറിൽ ഗ്യാരണ്ടി കാലയളവ് രേഖപ്പെടുത്തിയിട്ടുമില്ല.

(2)

| | |
|---|---|
| പ്രൊജക്റ്റ് നം | 154/20, 281/21, 242/22 |
| പ്രവൃത്തി | പച്ചക്കറി മാർക്കറ്റിൽ ഷോപ്പിങ് കോംപ്ളക്സ് നിർമാണം |
| അടങ്കൽ, ഫണ്ട് | 3000000/ |
| സാ. അനുമതി | LSGD/TS/2019-22-/123711 /20.3.20 |
| കരാറുകാരൻ | പി. നന്ദകുമാർ |
| കരാർ | 5/20-21/15.7.21 |
| അളവുപുസ്തകം | 15/20-21 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 399/15.12.20, 500000/<br>400/15.2.21, 749486/<br>474/18.3.21, 188418/<br>210/22.12.21, 1500000/<br>211/22.12.21, 55110/<br>400/15.12.21, 749486/ |

(3)

| | |
|---|---|
| പ്രൊജക്റ്റ് നം | 196/22 |
| പ്രവൃത്തി | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റിനൊവേഷൻ |
| അടങ്കൽ | 2180000/ |
| കരാറുകാരൻ | പി. പി. സുനിൽകുമാർ |
| കരാർ | 90/21-22/22.2.22 |
| അളവുപുസ്തകം | 94/21-22 |
| ബിൽ നം/ ബിൽ സാങ്ഷൻ നമ്പർ, തുക | 415/30.3.22, 273343/<br>213/27.1.23, 788463/ |

(4)

| | |
|---|---|
| പ്രൊജക്റ്റ് നം | 157/20, 284/21, 239/22 |
| പ്രവൃത്തി | ഹോസ്പിറ്റൽ സഹകരണറോഡിൽ കാന നിർമാണം |
| അടങ്കൽ | 3800000/<br>സി. എഫ്. സി. ഗ്രാന്റ് |
| സാ. അനുമതി | LSGD/TS/2019-20/23677 /30.12.19 |
| കരാറുകാരൻ | സി. പി. വിനോദ്കുമാർ |
| കരാർ | 77/20-21/22/10/20V |
| അളവുപുസ്തകം | 85/20-21, 11/21-22 |
| ബിൽ നം/ ബിൽ സാങ്ഷൻ നമ്പർ, തുക | 510/25.3.21, 1945574/<br>416/30.3.22, 1844518/ |

(5)

| | |
|---|---|
| പ്രൊജക്റ്റ് നം | 144/22 |
| പ്രവൃത്തി | സഹകരണറോഡിൽ കാന നിർമാണം |
| അടങ്കൽ | 2000000/ സി. എഫ്. സി. ഗ്രാന്റ് |
| സാ. അനുമതി | LSGD/TS/21-22/78491 /29.9.21 |
| കരാറുകാരൻ | സി. പി. വിനോദ്കുമാർ |
| കരാർ | 86/21-22/5.2.22 |
| അളവുപുസ്തകം | 89/21-22 |
| ബിൽ നം/ ബിൽ സാങ്ഷൻ നമ്പർ, തുക | 437/31.3.22, 209206/ |

കൂടാതെ 249 മീറ്റർ കാന നിർമാണത്തിനുള്ള തുക വകയിരുത്തിയതിൽ വെറും 38.48 മീറ്റർ പ്രവൃത്തി മാത്രമേ നടന്നതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. 26.3.22 ന് ശേഷം യാതൊരു പ്രവൃത്തിയും നടന്നതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭാ എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ കുറച്ചു ഭാഗത്ത് കാനക്കുവേണ്ടി കുഴി എടുത്തതായി കണ്ടു.

(6)

| | |
|---|---|
| പ്രൊജക്റ്റ് നം | 173/21, 241/22 |
| പ്രവൃത്തി | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പുനർനിർമ്മാണം |
| അടങ്കൽ | 2000000/ |
| കരാറുകാരൻ | പി. നന്ദകുമാർ |
| കരാർ | 68/20-21/20.10.20 |
| അളവുപുസ്തകം | 79/20-21, 100/21-22 |
| ബിൽ നം/ ബിൽ സാങ്ഷൻ നമ്പർ, തുക | 527/28.2.21, 913390/<br>197/10.12.21, 679886/<br>326/10.3.22, 211900/ |

മേൽ വിവരിച്ച പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള സാധനസാമഗ്രികളുടെ ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റ് കരാറുകാർ ബിൽ സമർപ്പിക്കുന്നതിന് മുമ്പേ ഹാജരാക്കാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

(7)

| | |
|---|---|
| പ്രൊജക്റ്റ് നം | 144/21, 240/22 |
| പ്രവൃത്തി | പൂക്കളം നവീകരണം- ബാക്കി ഭാഗം |
| അടങ്കൽ | 5300000/ രൂപ സി. എഫ്. സി. ഫണ്ട് |
| സാ. അനുമതി | LSGD/TS/2020-21/113275 /24.9.20 |
| കരാറുകാരൻ | പി. പി. സുനിൽകുമാർ |
| കരാർ | 105/20-21/28.01.21 |
| അളവുപുസ്തകം | 110/20-21 |
| ബിൽ നം/ ബിൽ സാങ്ഷൻ നമ്പർ, തുക | 551/29.3.21, 697552/<br>196/24.3.22, 1383857/ |

2022-23 ലെ പ്രവൃത്തിയുടെ 1393219/ രൂപയുടെ മൂന്നാം ഭാഗികബില്ലിൽ പ്രവൃത്തിഭാഗികമായി പൂർത്തീകരിച്ചതായി പേജ് 98 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവസാന തുക അനുദിച്ചു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ 44/10.3.23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ നിലവിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-38 തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിൻ കമ്പോസ്റ്റിങ് യൂണിറ്റ് വിഭാവനം ചെയ്തത് ഏഴിടങ്ങളിൽ, നടപ്പിലാക്കിയത് ഒരിടത്തുമാത്രം ,ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

ഫയൽ നം. E1-12265/19

| | |
|---|---|
| അടങ്കൽ | 1025700/ കേന്ദ്രവിഹിതം<br>670880/ സംസ്ഥാനവിഹിതം<br>1213420/ തനതുഫണ്ട് |

| ആകെ | 2910000/ |
|---|---|

ശുചിത്വമിഷനിൽ നിന്നും 499/C2/2009/SM/28.1.20 നമ്പർ പ്രകാരം സാങ്കേതിക അനുമതി ലഭിച്ചു പ്രകാരം 31/3/20 നകം തുക ചെലവഴിക്കണമായിരുന്നുവെങ്കിലും 21/3/20 കരാർ ചമച്ച ശേഷം ബിൽ സാങ്ഷൻ നമ്പർ 259/9.11.20 പ്രകാരം ഏഴ് മാസം കഴിഞ്ഞാണ് അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി.ക്ക് 582000/രൂപ അഡ്വാൻസ് തുക അനുവദിച്ചത്. 11.3.22 ലെ 18 നമ്പർ കൗൺസിൽ തീരുമാനത്തിൽ നഗരസഭ വിഭാവനം ചെയ്ത സ്ഥലത്ത് കമ്പോസ്റ്റിങ് യൂണിറ്റ് സ്ഥാപിക്കാൻ കഴിയാത്തതിനാൽ പദ്ധതിയിൽനിന്നും വിട്ടുപോകുന്നതായി ഐ.ആർ.ടി.സി. അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതെല്ലാം സ്ഥലങ്ങളിലാണ് പണിയാൻ കഴിയാത്തത്, ആയതിന്റെ കാരണം എന്നിവ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ തീരുമാനമനുസരിച്ച് നഗരസഭയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പ്രസ്തുത യൂണിറ്റ് സ്ഥാപിച്ചതിന്മേൽ 345000/ രൂപ ഐ. ആർ. ടി. സിക്ക് അനുവദിച്ചു. ബാക്കി തുകയായ 237000/ രൂപ സ്ഥാപനം തിരിച്ചടവാക്കിയിട്ടുണ്ട്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവയിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാർ ആയത് പാലിച്ചിട്ടില്ല.

വിഭാവനം ചെയ്തു പ്രകാരം മുഴുവൻ സ്ഥലങ്ങളിലും പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

ഗുണനിലവാരപരിശോധന സംബന്ധിച്ചുള്ള അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-39 ശുചീകരണത്തിനുപയോഗിക്കുന്ന ട്രാക്റ്റർ യഥാസമം അറ്റകുറ്റപ്പണി നടത്തി ഫിറ്റ്നെസ്സിന് ഹാജരാക്കുവാൻ കഴിഞ്ഞില്ല

ഫയൽ നം. H-9102/13

നഗരസഭയിലെ ശുചീകരണത്തിനുപയോഗിക്കുന്ന KL-46-9457 നമ്പർ ട്രാക്ടറിന്റെ ഫിറ്റ്നെസ്സ് കാലാവധി 24/11/20 ന് അവസാനിക്കുന്നതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ അന്നേ ദിവസം മാത്രമാണ് ഫിറ്റ്നെസ്സിന് മുന്നോടിയായിട്ടുള്ള അറ്റകുറ്റപ്പണികൾ വാഹനത്തിന് നടത്തണമെന്ന് കാണിച്ച് ഫയൽ സമർപ്പിച്ചിട്ടുള്ളത്. ഇതേ തുടർന്ന് കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും വൗച്ചർ നമ്പർ 52/9-21 പ്രകാരം 1,12,696/ രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനത്തിന്റെ വാർഷിക അറ്റകുറ്റപ്പണികളും ഫിറ്റ്നെസ്സ് ടെസ്റ്റുകളും യഥാസമയം തന്നെ നടത്തേണ്ടത് അനിവാര്യമായ സംഗതികളാണ്. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയില്ലെങ്കിൽ യന്ത്രഭാഗങ്ങൾക്ക് തകരാറു സംഭവിക്കുവാനുള്ള സാധ്യത കൂടുന്നതാണ്. ഫിറ്റ്നെസ്സ് ടെസ്റ്റ് യഥാസമയം നടത്താത്തതുമൂലം 24/11/20 ന് ഓടിയ വാഹനം പിന്നീട് ഓടുന്നത് 2/5/21 ന് മാത്രമാണ്.

മേൽ പ്രകാരമുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ഷീ സ്റ്റേ ഷോപ്പിങ് കോംപ്ളക്സ് കെട്ടിടം പൂർണമായും വാടകയ്ക്കു നൽകാൻ നടപടികളെടുക്കേണ്ടതാണ്

യാത്രക്കാരായ സ്ത്രീകൾക്ക് താമസിക്കുന്നതിനും കച്ചവടക്കാർക്ക് വാടകയ്ക്കു നൽകുന്നതിനുമായി നഗരസഭയിലെ മുതുവട്ടൂരിൽ 2,60,00,000/ രൂപ അടങ്കലിൽ രണ്ടരക്കോടിയിലധികം തുക ചെലവഴിച്ചാണ് ഈ കെട്ടിടം പണിതിട്ടുള്ളത് ഇവിടെയുള്ള 21 മുറികളിൽ മൂന്ന് കടമുറികൾ വാടകയ്ക്ക് നൽകിയതായും രണ്ടെണ്ണം സൗജന്യമായി സുഭിക്ഷ ഹോട്ടലിന് നൽകിയതായും 19/7.3.23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ

സൂചിപ്പിച്ചിട്ടുണ്ട്. വലിയ തുകകൾ ഡെപ്പോസിറ്റ് ഇനത്തിൽ കെട്ടിവെക്കാൻ വാടകക്കാർക്ക് താല്പര്യമില്ല എന്നും കോവിഡ് കാലഘട്ടത്തിന് ശേഷം പല കടമുറികളും കച്ചവടമില്ലാത്തതിനാൽ തിരിച്ചേൽപ്പിക്കുന്ന സാഹചര്യമാണുള്ളതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് താമസിക്കുന്നതിനായി രണ്ടാം നിലയിൽ എട്ടു മുറികൾ പണിതിട്ടുള്ളതാണ് ആയത് മുഴുവനായി വാടകയ്ക്ക് പോയിട്ടില്ല.

30/5/22 ലെ 10 നമ്പർ തീരുമാനത്തിൽ ഷീ സ്റ്റേ കെട്ടിടത്തിൽ ലോഡ്ജിംഗിനുള്ള സാധ്യത കുറവാണെന്നും രണ്ട് മുറികൾ മാത്രം ഷീ ലോഡ്ജിംഗിന് ഒഴിച്ചിട്ട് ബാക്കി വർക്കിംഗ് വുമൺസിന് നൽകാൻ നിശ്ചയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

മുറികൾ വാടകയ്ക്കു നൽകി വാടകച്ചോർച്ച ഒഴിവാക്കുന്നതിനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ ആരംഭിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്കു പ്രത്യേകം ക്ഷണിക്കുന്നു.

## 1-41 മിഠായിത്തെരുവ് മോഡൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-പ്രവൃത്തി നിർവഹിച്ച സിൽക്കിന് അക്രഡിറ്റേഷൻ സ്റ്റീൽ സ്ട്രക്ചർ സ്ഥാപിക്കുന്നതിന് മാത്രം

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 233/20, 201/22 |
| ഫയൽ നം | 12264/19 |
| അടങ്കൽ, ഫണ്ട് | 1490000/ രൂപ , സി. എഫ്. സി. ഗ്രാന്റ് |
| നി. ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| നിർവഹണരീതി | അക്രഡിറ്റഡ് ഏജൻസി മുഖേന |
| കരാർ | 89/2021/4/11/20 |
| അളവുപുസ്തകം | 51/20, ഹാജരാക്കിയിട്ടില്ല |

GO ( P ) 77/19/Fin 4/11/9 പ്രകാരമുള്ള ഉത്തരവിലെ പട്ടികയിൽ കാണിച്ചിട്ടുള്ള ക്രമനമ്പർ 34 അനുസരിച്ച് വൈദ്യുത,യാന്ത്രികപ്രവൃത്തികളിലും സിവിൽ പ്രവൃത്തികളിലുമുള്ള സ്റ്റീൽ സ്ട്രക്ച്ചറുകളുടെ സ്ഥാപനത്തിനാണ് സിൽക്കിന് അക്രഡിറ്റേഷൻ ഉള്ളത്. തെരുവ് വിളക്കുസ്ഥാപിക്കുന്നതിനായി ഇതുവരെ സിൽക്കിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമില്ല. ഇക്കാര്യത്തിൽ അക്രഡിറ്റേഷൻ ഉള്ള കേരള ഇലക്ട്രോണിക്സ് ലിമിറ്റഡ്, സാധനസാമഗ്രികളുടെ ദൗർലഭ്യം കാരണം കരാർ ചമക്കാത്തതുകൊണ്ടാണ് സിൽക്കിനെ പ്രസ്തുത പ്രവൃത്തി ചെയ്യുവാൻ നിയോഗിച്ചത്.

അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെക്കൊണ്ട് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആവശ്യമെന്നു കരുതുന്ന പക്ഷം സ്റ്റീൽ സ്ട്രക്ചറുകൾ സ്ഥാപിക്കുന്നതിന് മാത്രം ഇവരെ ചുമതലപ്പെടുത്തി അക്രഡിറ്റഡ് ഏജൻസികളുടെ അഭാവത്തിൽ പ്രൊജക്റ്റിൽ ഭേദഗതി വരുത്തി അംഗീകൃത ഇലക്ട്രിക് കരാറുകാരെക്കൊണ്ട് പ്രവൃത്തി നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 47/13/3/23)

## 1-42 അയ്യൻകാളി തൊഴിലുറപ്പുപദ്ധതിപ്രവർത്തനം

സാമ്പത്തിക വർഷം 545 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 326 പ്രൊജക്റ്റുകളാണ് പൂർത്തീകരിച്ചത്. 5315 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 2360 കുടുംബങ്ങൾ തൊഴിലെടുത്തു. 515 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു.

തൻവർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം കിണർനിർമാണം,സിമന്റ് കട്ട നിർമാണം എന്നീ പ്രൊജക്റ്റുകൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. 2023-24 വർഷത്തെ ലേബർ ബജറ്റിൽ ഇത് ഉൾപെടുത്തിയിട്ടുണ്ടെന്നും നഗരകാര്യവകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതി നടപ്പിലാക്കുമെന്നും 3/3/23 ലെ 7 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ആവിഷ്കരിക്കുന്ന പ്രവൃത്തികൾക്കെല്ലാം അംഗീകാരം തേടി, ഫണ്ട് ലഭ്യമാക്കുവാനും, ആയവയെല്ലാം പൂർത്തീകരിക്കുവാനും കഴിയുന്നത്ര മെറ്റീരിയൽ പ്രവൃത്തികൾ നടപ്പിലാക്കുവാനും ഭാവിയിൽ പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്.

പാട്ടകൃഷി, ഹരിതകർമസേനയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ക്ഷീരകർഷകർക്ക് ആനുകൂല്യം, പി. എം. എ.വൈ. പ്രവൃത്തികൾ, പച്ചത്തുരുത്ത്, തോടുവികസനം, മഴക്കാലപൂർവശുചിത്വം എന്നീ പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്.

## 1-43 UIDSSMT-കേരള വാട്ടർ അതോറിറ്റി കൂടുതൽ തുക ആവശ്യപ്പെട്ടു

ഫയൽ നം-E3-(E1) 8108/06

ഗുരുവായൂർ, ചാവക്കാട് പ്രദേശങ്ങളിൽ കടിവെള്ളമെത്തിക്കുക എന്ന പദ്ധതിയുടെ ഭാഗമായി 50,83,60,544/ രൂപയുടെ അടങ്കൽ കേരളാ വാട്ടർ അതോറിറ്റി ലഭ്യമാക്കിയതു പ്രകാരം ചാവക്കാട് നഗരസഭയുടെ പങ്കാളിത്തം 38% തുകയാണ്. അതനുസരിച്ച് 19,55,70,544/ രൂപ ചാവക്കാട് നഗരസഭ വിവിധ വർഷങ്ങളിലായി അടവാക്കിയിട്ടുണ്ട്. ആയത് വിനിയോഗസാക്ഷ്യപത്രം പ്രകാരം കേരളാ വാട്ടർ അതോറിറ്റി സമ്മതിച്ചിട്ടുള്ളതുമാണ്. 4/8/22 ൽ 52,82,74,862/ രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും ആയത് ഫയലിൽ ലഭ്യമാക്കിയിട്ടുമുണ്ട്. ഇതനുസരിച്ച് നഗരസഭ മൊത്തം അടവാക്കേണ്ട തുക വിനിയോഗസാക്ഷ്യപത്രം പ്രകാരമുള്ള തുകയുടെ 38% ആയ 20,07,44,448/ രൂപയാണ്. ഇതനുസരിച്ച് നേരത്തെ അടവാക്കിയ തുക കഴിച്ച് ബാക്കി 51,73,904/ രൂപ മാത്രമേ നഗരസഭ അടവാക്കേണ്ടതുള്ളൂ. എന്നാൽ കേരളാ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ തീയ്യതി ചേർക്കാത്ത വിനിയോഗസാക്ഷ്യപത്രത്തിൽ 75,67,441/ രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭാ എൻജിനീയറിങ് വിഭാഗം 14/11/ 22 ന് ഈ അപാകത കൗൺസിൽ മുമ്പാകെ കൊണ്ടുവന്നു. തുടർന്ന് 22/12/22 ലെ 10 നമ്പർ തീരുമാനപ്രകാരം 50,00,000/രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കുവാനും വിനിയോഗസാക്ഷ്യപത്രത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്തുവാനും നിശ്ചയിച്ചു. തുടർന്ന് കേരളാ വാട്ടർ അതോറിറ്റിക്ക് തുക നൽകിയതിന്റെയോ, കത്ത് നൽകിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.

ഈ പദ്ധതി സംബന്ധിച്ച് എടുത്ത വായ്പ, ആയതിന്റെ തിരിച്ചടവ്, പദ്ധതിയുടെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തിരിച്ചടക്കാൻ ബാക്കിയുള്ള തുക, പദ്ധതിയുടെ ലക്ഷ്യപ്രാപ്തി എന്നിവ സംബന്ധിച്ചുള്ള വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - സപ്ലൈയറിൽ നിന്നും ജി എസ് ടി ഈടാക്കി അടവാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ- പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ

പ്രോജക്ട് നം - 296/22

വൗച്ചർ നം - 22101548/18.3.22 – 429196

ഗുഡ്സ് ആന്റ് സർവീസസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.7.2018ലെ 28ാം ജി എസ് ടി കൗൺസിൻ തീരുമാനം , കേന്ദ്രധനകാര്യ മന്ത്രാലയം - റവന്യൂ വകുപ്പിന്റെ 14.9.18ലെ സർക്കുലർ നം -65/39/2018/DOR , സർക്കാർ ഉത്തരവ് (പി) 162/2018/ധനം / തിയതി 22.10.18, 8.3.19ലെ നം ഡി എ 1/87/2019ത സ്വ ഭ വ സർക്കുലർ എന്നിവ പ്രകാരം 1.10.18മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2.5ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി എസ് ടി - ടി ഡി എസ് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം പത്ത് ലാപ്ടോപ്പുകൾ വാങ്ങിയതിന് വിശ്വാസ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം 429196 രൂപയുടെ ബിൽ സമർപ്പിച്ചതിൻ പ്രകാരം 2% ജി എസ് ടി സോഴ്സിൽ നിന്നും കുറവ് ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് കൈമാറിയിരിക്കുന്നു. ഇത് മേൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ജി എസ് ടി തുക ഈടാക്കി അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം -23/8.3.23)

## 1-45 മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് /ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് /ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | മരുന്ന് ലഭിച്ചത് | ലഭിക്കാനുള്ളത് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 78/22<br>താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | PRF 7142/21.3.22 | 22101508/22.3.22 | 203000 | 54817 | 148183 | |
| 2 | 31/22<br>താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിലേക്ക് അനുബന്ധ സൗകര്യങ്ങൾ | PRF 1573/10.8.21<br>PRF 2015/10.9.21<br>PRF 2022/10.9.21<br>PRF 5026/22.1.22 | 22100754/1.10.21<br>22100816/1.10.21<br>22100751/1.10.21<br>22101474/9.3.22 | 255317<br>11004<br>464197<br>380804 | 234777<br>--<br>432114<br>361199 | 20540<br>11004<br>32083<br>19605 | |

മരുന്നുകൾ മുഴുവനായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി – 35/9.3.23)

## 1-46 ആരോഗ്യ ജാഗ്രത- കൊതുകുനശീകരണ പദ്ധതി - അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പ്രോജക്ട് നം -57/22

വൗച്ചർ നം - 22100519/12.8.21 – 382410

കൊതുകുനശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാണ് പദ്ധതി . പദ്ധതി പ്രകാരം ജൂൺ 2021 ൽ 10 ജീവനക്കാർക്ക് കൊതുകുനശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ദിവസങ്ങളിൽ 630 രൂപ നിരക്കിൽ ആകെ 91350 രൂപ മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന ജീവനക്കാർക്ക് 15 ദിവസത്തെ വേതനം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം 14 ദിവസമാണ് ഇവർ ജോലി ചെയ്തതായി കാണുന്നത്. അധികമായി 3150(630x5) അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/9.3.23) അധികം അനുവദിച്ച തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ജീവനക്കാർ | പ്രവൃത്തി ദിനങ്ങൾ |
|---|---|
| അജിത | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| മാലതി | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| ചന്ദ്രിക | 1.6.21 To 6.6.21 – 6 Days |

| | |
|---|---|
| | 14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| ബേബി | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| സുജാത | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |

അധികമായി അനുവദിച്ച 3150/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-47 അനിമൽ ബർത്ത് കൺട്രോൾ പദ്ധതി - ചെലവഴിയ്ക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ 82/22
വൗച്ചർ നമ്പർ -22100487/30.6.21
തുക- 3,00,000
മേൽ സൂചിത പദ്ധതിയിൽ 18-19, 20-22, 21-22 വർഷങ്ങളിലായി കുടുംബശ്രീ ജില്ലാമിഷന് കൈമാറിയത് ഇതുവരെ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. തെരുവിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ പ്രത്യുൽപ്പാദന ശേഷി തടയുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരുന്നത്. നായ ഒന്നിന് 2100/-രൂപയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഹൈക്കോടതി ഉത്തരവിനാൽ ഈ പദ്ധതി തത്ക്കാലം തടസ്സപ്പെട്ടിരിക്കയാണ്. കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 62100/-രൂപ നീക്കിയിരിപ്പുണ്ട്.
ഓഡിറ്റ് എൻക്വയറി നം.40/10/3/23 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഇക്കാര്യം ജില്ലാ കുടുംബശ്രീ മിഷനെ അറിയിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-48 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - പണം കൈമാറിയിട്ടും നാളിതുവരെ മരുന്ന് ലഭിച്ചില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം. 40/22, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുക എന്ന പ്രൊജക്ടിന്റെ ഭഗമായി 250000 ലക്ഷം രൂപ ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് 22.02.2022 ൽ കൈമാറിയിട്ടുണ്ട്. (വൗച്ചർ നം - 22101361/21.2.22) എന്നാൽ നാളിതുവരെയായി മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ. 1/1.3.23 ന് ലഭിച്ച മറുപടി പ്രകാരം ഹോംകോ ഡയറക്ടറുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും. ഹോംകോ മുൻഗണനാ ലിസ്റ്റ് പ്രകാരം മരുന്ന് വിതരണം ചെയ്ത് തരുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
പണം മുഴുവൻ നൽകിയിട്ടും മരുന്ന് ലഭ്യമാക്കാൻ അനിശ്ചിതമായി കാലതാമസം നേരിടേണ്ടി വരുന്നത് ഗുണകരമല്ല ഇത്തരം സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനവുമായി കൃത്യമായ വ്യവസ്ഥകളിൽ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-49 കൃഷി ഫീൽഡ് ഓഫീസർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

സർക്കാർ ഉത്തരവ് (പി) നമ്പർ 177/2006/ഫിൻ. തീയതി 12.4.2006 ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ വകുപ്പിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ ഭരണ

സ്ഥാപനത്തിന്റെ വരവ്, ചെലവ് എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്ററും (അനുബന്ധം ബി-iv) എഴുതി സൂക്ഷിക്കേണ്ടതാണ്. ചാവക്കാട് നഗരസഭയിലെ കൃഷി ഫീൽഡ് ഓഫീസർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല. മേൽ അപാകതക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 51/13.3.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. നിയമപ്രകാരം എഴുതി സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മത്തിക്കായലിൽ പുഞ്ച കൃഷി - അപാകതകൾ

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 53/22 പ്രകാരം "ഹരിതകേരളം - മത്തിക്കായലിൽ പുഞ്ചകൃഷി" എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ (ബേസിക്ക് ഗ്രാന്റ്) അവാർഡിൽ നിന്നും 333660 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വൌച്ചർ നമ്പർ 53/26.3.2022 പ്രകാരം 201960 രൂപ നെൽകൃഷിയുടെ കൂലിചെലവ് സബ്സിഡി ഇനത്തിലും വൌച്ചർ നമ്പർ 52/23.3.2022 പ്രകാരം 131700 രൂപ നെൽവിത്ത്, കുമ്മായം എന്നിവ വാങ്ങി നൽകിയ ഇനത്തിലും ചെലവഴിച്ചതാണ്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ട് എന്ന് കൃഷി ഫീൽഡ് ഓഫീസറോ അസി.കൃഷി ഓഫീസറോ ബന്ധപ്പെട്ട അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഗുണഭോക്താക്കൾ വിള ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

3. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ തോട്ടം എന്ന തരത്തിൽ ഉൾപ്പെടുന്ന ഭൂമിക്കും നികുതി രസീതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

4. ഓഡിറ്റ് കാലയളവിൽ ബാധകമായിട്ടുള്ള സബ്സിഡി സംബന്ധിച്ച സ.ഉ.(സാധാ).നമ്പർ 1009/2020 /തസ്വഭവ തീയതി 29.5.2020 പ്രകാരം ഒരു ഹെക്ടറിന് പരമാവധി 22000 രൂപയാണ് സബ്സിഡിയായി അനുവദിക്കേണ്ടത്. എന്നാൽ പല ഗുണഭോക്താക്കൾക്കും ഇതിൽക്കൂടുതൽ തുക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കരമടച്ച രസീത് പ്രകാരം കൃഷി ഭൂമിയുടെ അളവ് (തോട്ടം ഇനത്തിലുള്ളത് ഒഴിവാക്കിയതിനുശേഷം- Are-ൽ) | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി | അധികം അനുവദിച്ചത് (രൂപ) |
|---|---|---|---|---|---|
| 1 | സുഭാസ് കെ എസ് | 48.11 | 13600 | 10584 | 3016 |
| 2 | രതി സുഭാഷ് | 50.88 | 20400 | 11194 | 9206 |
| 3 | ദേവദാസൻ | 54.39 | 23800 | 11966 | 11834 |
| 4 | സുമേഷ് കെ എസ് | 37.84 | 27200 | 8325 | 18875 |
| 5 | ഷിജി കെ | കരമടച്ച രസീത് | 13600 | -- | 13600 |

| | | | | | |
|---|---|---|---|---|---|
| | പി | ഹാജരാക്കിയിട്ടില്ല | | | |
| 6 | സനിലൻ | കൃഷ്ണൻ തറയിൽ എന്നയാളുടെ ഭൂമിയുടെ കരമടച്ച രസീത് ഹാജരാക്കി. എന്നാൽ ടിയാനുമായുള്ള പാട്ടക്കരാർ ഹാജരാക്കിയില്ല. | 4760 | -- | 4760 |
| 7 | സനിൽകുമാർ പി പി | കരമടച്ച രസീത് ഹാജരാക്കിയില്ല | 27200 | -- | 27200 |
| 8 | മുഹമ്മദ് ഐ എം | കരമടച്ച രസീത് ഹാജരാക്കിയില്ല | 27200 | -- | 27200 |
| 9 | അസൂറ ദുജാന | കരമടച്ച രസീത് ഹാജരാക്കിയില്ല | 13600 | -- | 13600 |
| | | ആകെ | | | 129291 |

ഈ പ്രോജക്ടിൽ നെൽവിത്ത്, കുമ്മായം എന്നിവ വാങ്ങുന്നതിനായി താഴെ പറയുംപ്രകാരം 131700 രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്.

| ഇനം | വില്പന നടത്തിയ സ്ഥാപനത്തിന്റെ പേര് | തൂക്കം(kg) | വില |
|---|---|---|---|
| ജ്യോതി നെൽവിത്ത് | കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, തൃശ്ശൂർ | 1350 | 56700 |
| കുമ്മായം | ചാവക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5000 | 75000 |

എന്നാൽ ബന്ധപ്പെട്ട അപേക്ഷകൾ, വിത്ത്, വളം എന്നിവ വിതരണം ചെയ്തതിന്റെ/വാങ്ങിയതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ കുമ്മായം 75% സബ്സിഡി ബാധകമായ ഇനമാണ്. 5000 കി.ഗ്രാം കുമ്മായത്തിന് 15 രൂപ നിരക്കിൽ 75000 രൂപയാണ് ആകെ വില വരുന്നത്. ഇതിന് 56250 രൂപ മാത്രമേ സബ്സിഡി നൽകേണ്ടതുള്ളൂ. എന്നാൽ അധികമായി 18750 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 50/13.3.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല.
മുകളിൽ പറഞ്ഞ പ്രകാരം അധികം നൽകിയ 148041 രൂപ (129291 + 18750) ഉത്തരവാദിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-2 ആരോഗ്യ ജാഗ്രത- കൊതുകുനശീകരണ പദ്ധതി - അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പ്രോജക്ട് നം -57/22

വൗച്ചർ നം - 22100519/12.8.21 – 382410

കൊതുകുനശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാണ് പദ്ധതി . പദ്ധതി പ്രകാരം ജൂൺ 2021 ൽ 10 ജീവനക്കാർക്ക് കൊതുകുനശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ദിവസങ്ങളിൽ 630 രൂപ നിരക്കിൽ ആകെ 91350 രൂപ മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന ജീവനക്കാർക്ക് 15 ദിവസത്തെ വേതനം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം 14 ദിവസമാണ് ഇവർ ജോലി ചെയ്തതായി കാണുന്നത്. അധികമായി 3150(630x5) അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/9.3.23) അധികം അനുവദിച്ച തുക തിരികെ ഈടാക്കി

അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ജീവനക്കാർ | പ്രവൃത്തി ദിനങ്ങൾ |
|---|---|
| അജിത | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| മാലതി | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| ചന്ദ്രിക | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| ബേബി | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |
| സുജാത | 1.6.21 To 6.6.21 – 6 Days<br>14.6.21 To 20.6.21 – 7 Days<br>28.6.21 – 1 Day |

അധികമായി അനുവദിച്ച 3150 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 145/22 വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 16-2/22 തിയതി .25.2.22 | 1317660 | -- | 13,17,660 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയു |
|---|---|---|---|---|---|

| | | | ബാക്കി യുണ്ടായിരുന്ന തുക | മുതൽ | പലിശ | ണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| HUDCO | ജി ഒ(എം എസ്) 68/2018/എൽ എസ് ജി ഡി , തി. 18.5.18 | 7,96,40,000 + 98,00,000 (തൻവർഷം) =8,94,40,000 | 4,71,86,666 | 64,26,666 | | 5,05,60,000 |
| PMAY | - | 1,00,00,000 | 1,00,00,000 | 25,00,000 | | 75,00,000 |
| | ജി ഒ ( ആർ ടി) 202/97/എൽ എ ഡി , തി. 14.1.97 | 20,00,000 | 5,54,638 | | | 5,54,638 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,20,87,318 |
| ഇക്വിറ്റി ഷെയർ | 10,00,100 |
| തൻവർഷം നിക്ഷേപിച്ച തുക | 40,554 |
| ആകെ | 1,31,27,972 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,01,85,740 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പഞ്ചാബ് നാഷണൽ ബാങ്ക്, ചാവക്കാട്) | 29,42,232 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

വിവരം നഗരസഭ ലഭ്യമാക്കിയില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 23,89,13,889 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22,06,74,562 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,51,191 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,82,654 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 148041 | അനി റോസ്, കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-2 | 3150 | സക്കീർ ഹുസൈൻ വി പി , ഹെൽത്ത് ഓഫീസർ |
| ആകെ | 1,51,191 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 112950 | അനി റോസ് , കൃഷി ഓഫീസർ |
| 1-28 | 2246594 | വിശ്വനാഥൻ കെ ബി, സെക്രട്ടറി |
| 1-31 | 265000 | വിശ്വനാഥൻ കെ ബി, സെക്രട്ടറി |
| 1-32 | 48213 | വിശ്വനാഥൻ കെ ബി, സെക്രട്ടറി |
| 1-33 | 209897 | വിശ്വനാഥൻ കെ ബി, സെക്രട്ടറി |
| ആകെ | 28,82,654 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിശ്വനാഥൻ കെ.ബി. , സെക്രട്ടറി | സെക്രട്ടറി, ചാവക്കാട് നഗരസഭ | കോറമ്പിൽ ഹൗസ്, വെണ്മേനാട് പി.ഒ, പാവറട്ടി (Via), തൃശ്ശൂർ -680507 |
| സക്കീർ ഹുസൈൻ വി പി , ഹെൽത്ത് ഓഫീസർ | ഹെൽത്ത് സൂപ്പർവൈസർ, വളാഞ്ചേരി നഗരസഭ | വലിയപറമ്പിൽ ഹൗസ്, എടയൂർ നോർത്ത്, വളാഞ്ചേരി , മലപ്പുറം-676552 |
| അനി റോസ് , കൃഷി ഓഫീസർ | അഗ്രി. ഫീൽഡ് ഓഫീസർ, ചാവക്കാട് കൃഷിഭവൻ | ശ്രീശൈലം രാമേശ്വരം അമരവിള (പി.ഒ), നെയ്യാറ്റിൻകര- 695121 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തീ.20.04.87 | 5 |
| 64-65 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തീ.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 6 |
| 73-74 | എൽ.എഫ്.ടി.4-657/87 തീ.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തീ.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തീ.05.08.79 | 38 |

| | | |
|---|---|---|
| 77-78 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തീ.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തീ.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തീ.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തീ.03.04.91 | 56 |
| 82-83 | എൽ.എഫ്.ടി.4-1954/88 തീ.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തീ.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തീ.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തീ.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തീ.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തീ.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തീ.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തീ.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തീ.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തീ.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തീ.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തീ.01.01.05 | |
| 99-00 | എൽ.എഫ്.ടി.4-245/04 തീ.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തീ.16.06.2005 | |
| 94-95, 95-96 (വരവ്വ ചെലവ്) | എൽ.എഫ്.ടി.4-1495/08 തീ.21.12.09 | |
| 96-97 | എൽ.എഫ്.ടി.4-1496/08 തീ.21.12.09 | |
| 97-98 | എൽ.എഫ്.ടി.4-1497/08 തീ.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08 തീ.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08 തീ.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08 തീ.21.12.09/15.03.2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1331/05 തീ.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തീ.28.08.10 | |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09 തീ.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തീ.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11 തീ.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തീ.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11 തീ.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11 തീ.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12 തീ.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12 തീ.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013 തീ.10.04.2013/16.08.2013 | |

| | | |
|---|---|---|
| 12-13 | എൽ.എഫ്.ടി.(എം.)794/14 തീ. 01.10.2014/09.12.2014 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-1417/15/17.11.15 /14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1438/16, തീ. 08.08.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(എം)118/17, തീ. 31.1.17 / 13.2.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(എം)1753/17,തീ. 19.12.17 / 16.01.18 | |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(എം)596/19, തീ. 17.07.19 | |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ.(എം)367/2020, തീ.21.05.2020 | |
| 19-20 | കെ.എസ്.എ.ടി.എസ്.ആർ.(എം2)336/2022, തീ.01.07.22 | |
| 20-21 | കെ.എസ്.എ.ടി.എസ്.ആർ.(എം2)337/2022, തീ.01.07.22 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്